VOL NO: 05 I ISSUE 37
www.nerpatham.com
mail@nerpatham.com
2021 SEPTEMBER 18 I ₹12

# നേർപഥം

വാരിക



# ലഹരിയിൽ തകർന്നടിയുന്ന ജീവിതങ്ങൾ

ചെറിയ ചെറിയ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് അപക്വമതികളുടെ ജീവിതത്തിലേക്ക് ലഹരി കടന്നുവരിക. പിന്നീട് മോചിതനാവാൻ കഴിയാത്ത തരത്തിലുള്ള പ്രശ്നമായി അത് മാറുന്നു. ലഹരി നുണഞ്ഞ ജീവിതങ്ങൾക്ക് പറയാനുള്ളത് അത് നക്കിയെടുത്ത മനുഷ്യായുസ്സിന്റെ കദനകഥകൾ കൂടിയാണ്.

- രൂപതയിൽ വിരിയുന്ന ജിഹാദിന്റെ പൂക്കൾ

- വിശ്വാസിയും തമാശയും
- സൃഷ്ടികളുടെ കഴിവ്; പരിധിയും പരിമിതിയും
- നാർക്കോട്ടിക്: ഇസ്‌ലാമിക പ്രമാണങ്ങൾ എന്ത് പറയുന്നു?

wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,**
**C.V.COMPLEX, P.V.SWAMI ROAD, CALICUT**

# 0243
# നേർപഥം
വാരിക

2021 സെപ്തംബർ 18
1442 സഫർ 11
പുസ്തകം 05 / ലക്കം 37

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo




Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






05
**മുഖമൊഴി**
രൂപതയിൽ വിരിയുന്ന
ജിഹാദിന്റെ പൂക്കൾ
എഡിറ്റർ

06
**ലേഖനം**
നാർക്കോട്ടിക്: ഇസ്‌ലാമിക പ്രമാണങ്ങൾ
എന്ത് പറയുന്നു?
ടി.കെ.അശ്‌റഫ്

17
**കാഴ്ച**
രക്തദാനം മഹാദാനം
സലാം സുറുമ എടത്തനാട്ടുകര

18
**ലേഖനം**
ദൈവത്തിന്റെ തെളിവും
ജ്ഞാനമാർഗ രീതിയും
ശാഹുൽ പാലക്കാട്

24
**ലേഖനം**
സൃഷ്ടികളുടെ കഴിവ്;
പരിധിയും പരിമിതിയും
ടി.പി അബ്ദുൽ ഗഫൂർ, വെള്ളിയഞ്ചേരി

26
**ചരിത്രപഥം**
ബദ്‌റിൽ പങ്കെടുത്തവരുടെ
മഹത്ത്വം
ഹുസൈൻ സലഫി, ഷാർജ

28
**ലേഖനം**
വിശ്വാസിയും തമാശയും
ദുൽക്കർഷാൻ അലനല്ലൂർ

34
**ബാലപഥം**
ബാപ്പ
അബൂവാഫി

വായനക്കാർ എഴുതുന്നു

# നാർക്കോട്ടിക് ജിഹാദ്: തട്ടും തടവും

പാലാ ബിഷപ്പിന്റെ 'നാർക്കോട്ടിക് ജിഹാദ്' പരാമർശത്തിന് കാര്യമായ പിന്തുണ സംഘ്പരിവാറിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. ബിഷപ്പിന്റെ പ്രസ്താവന നാവിൽനിന്ന് പുറത്തുചാടിയ ഉടൻ പരിവാറുകാർ അതേറ്റെടുത്ത് ആഘോഷിക്കാൻ തുടങ്ങി. എന്നാൽ ബിഷപ്പ് ആഗ്രഹിച്ചതുപോലുള്ള സ്വീകരണം സ്വസമുദായത്തിൽനിന്ന് ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. എതിർപ്പുകളാകട്ടെ ഉണ്ടുതാനും.

മാർത്തോമാ സഭാ അധ്യക്ഷൻ തിയഡോഷ്യസ് മാർത്തോമാ പറഞ്ഞു: "പാലാ ബിഷപ്പിന്റെ പ്രസ്താവന ഗുണത്തെക്കാൾ ദോഷം ചെയ്തെങ്കിൽ പിൻവലിക്കാൻ തയ്യാറാവണം. രാഷ്ട്രീയ മുതലെടുപ്പും വിഭാഗീയതയും വളർത്തുന്നത് ശരിയല്ല. കൂടുതൽ സംസാരിക്കും തോറും മുറിവുകൾ ഉണ്ടാകുകയാണ്. മതസൗഹാർദം ഉറപ്പിക്കണം."

എന്നാൽ ബിഷപ്പിനെ ന്യായീകരിക്കുകയാണ് കേരള കോൺഗ്രസ് നേതാവ് ജോസ് കെ. മാണി ചെയ്തിട്ടുള്ളത്. 'സാമൂഹ്യതിന്മയ്ക്കെതിരായ ജാഗ്രതയാണ് പാലാബിഷപ്പ് ഉയർത്തിയത്. മയക്കുമരുന്ന് സാമൂഹ്യ വിപത്താണെന്ന് ചൂണ്ടിക്കാട്ടുക മാത്രമാണ് അദ്ദേഹം ചെയ്തത്. ബിഷപ്പിനെ ആക്ഷേപിക്കുന്നവർ കേളത്തിന്റെ മതസാഹോദര്യവും സമാധാനവും തകർക്കാൻ ശ്രമിക്കുകയാണ്. ബിഷപ്പിന്റെ വാക്കുകൾ ചിലർ വളച്ചൊടിച്ചതാണ്' എന്നൊക്കെയാണ് അദ്ദേഹത്തിന്റെ ന്യായീകരണം. മയക്കുമരുന്ന് സാമൂഹ്യവിപത്താണ് എന്ന് ചൂണ്ടിക്കാണിക്കാൻ മുസ്‌ലിംകളുടെയും ഇസ്‌ലാമിന്റെ മേൽ കുതിര കേറേണ്ടതുണ്ട് എന്നും കടുത്ത വർഗീയപരാമർശം നടത്തിയതല്ല, ബിഷപ്പിനെ അതിന്റെ പേരിൽ ആക്ഷേപിക്കുന്നതാണ് മതസാഹോദര്യം തകർക്കുന്ന പ്രവൃത്തി എന്നുമുള്ള കണ്ടുപിടുത്തം കേമംതന്നെ!

ബിജെപിയാണെങ്കിൽ ബഹുസന്തോഷത്തിലാണ്. പാലാ ബിഷപ്പിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അമിത് ഷാക്ക് ബിജെപി ജനറൽ സെക്രട്ടറി ജോർജ് കുര്യൻ അയച്ച കത്തിൽ പറയുന്നത് കോൺഗ്രസ്സും സിപിഎമ്മും ജിഹാദി ഗ്രൂപ്പുകളെ പിന്തുണയ്ക്കുന്നു. ബിഷപ്പിനെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും രൂക്ഷമായി വിമർശിക്കുന്നു. നാർക്കോട്ടിക് ജിഹാദിൽ അന്വേഷണം വേണം എന്നൊക്കെയാണ്. കേരളത്തിന്റെ ഭരണം പിടിച്ചെടുക്കണമെന്നാശിച്ച്, ആകെയുണ്ടായിരുന്ന ഒരു സീറ്റും നഷ്ടപ്പെട്ട് നാണംകെട്ട അവസ്ഥയെ മറികടക്കാൻ ഏത് കച്ചിത്തുരുമ്പിലും പിടിച്ചുകേറാനുള്ള ശ്രമം എന്നേ ഇതിനെക്കുറിച്ച് പറയാനുള്ളൂ.

മുന്നണിയിൽനിന്നും ഭിന്നസ്വരം ഉയരുമെന്ന ഭയത്താലും ബിജെപി ക്രൈസ്തവ വിഭാഗങ്ങളുടെ സംരക്ഷണ റോൾ ഏറ്റെടുക്കാനിറങ്ങയിതും പരിഗണിച്ച് കരുതലോടെ നീങ്ങാനാണ് എൽഡിഎഫിന്റെയും യുഡിഎഫിന്റെയും നീക്കം. ബിഷപ്പിനെതിരായ പ്രത്യക്ഷ പ്രതിഷേധങ്ങളെ യുഡിഎഫും എൽഡിഎഫും അനുകൂലിക്കുന്നില്ല. ഹിന്ദു സമൂഹത്തിനപ്പുറത്തുള്ളവരുടെ പിന്തുണയില്ലെങ്കിൽ കേരളം പിടിക്കാനാകില്ലെന്ന ദേശീയ നേതൃത്വത്തിന്റെ മുൻവിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ബിജെപി നാർക്കോട്ടിക് വിവാദം സുവർണാവസരമായി കാണുകയാണ്.

സാഹിത്യകാരനായ സക്കറിയ ദീർഘമായ പ്രസ്താവനയാണ് ബിഷപ്പിന്റെ പ്രശ്നത്തിൽ നടത്തിയിട്ടുള്ളതത്. അതിലെ ഏതാനും വാചകങ്ങൾ കാണുക: "പത്രവാർത്തകളെ വിശ്വസിക്കാമെങ്കിൽ പാലാ ബിഷപ് നടത്തിയ നർക്കോട്ടിക് ജിഹാദ് പ്രസ്താവന മലയാളികളുടെ മതേതര സംസ്കാരത്തിനും മതങ്ങളുടെ സഹവർത്തിത്വത്തിനും എല്ലാ നവോത്ഥാനമൂല്യങ്ങൾക്കും ഒരു വെല്ലുവിളിയാണ്. അത് ഏറ്റവും വലിയ ഭീഷണിയായിത്തീരുന്നത് കേരളത്തിലെ ക്രൈസ്തവ സമൂഹം നൂറ്റാണ്ടുകളിലൂടെ പണിതുയർത്തിയ സഹിഷ്ണുതയിലടിയുറച്ച മാനവികസംസ്കാരത്തിനാണ്."

"എന്നാലൊരു പ്രശ്നമുണ്ട്. മുസ്‌ലിം പെൺകുട്ടികളെ പ്രണയിച്ചോ അല്ലെങ്കിൽ അവരോട് പ്രണയം നടിച്ചോ, അവരെ മതം മാറ്റിയോ അല്ലാതെയോ, വിവാഹം കഴിക്കുന്ന ഹിന്ദു-ക്രിസ്ത്യൻ യുവാക്കളുടെ പ്രവൃത്തിയെ നാം എന്ത് വിളിക്കും? ലൗ ധർമയുദ്ധം? ലൗ കുരിശുയുദ്ധം? എന്റെ കുടുംബത്തിൽ തന്നെ ഒരു യുവതലമുറക്കാരൻ മുസ്‌ലിം പെൺകുട്ടിയെ വിവാഹം കഴിച്ചിട്ടുണ്ട്."

**-അബൂ അലീഫ് റസാൻ, അലനല്ലൂർ**

മുഖമൊഴി

# രൂപതയിൽ വിരിയുന്ന ജിഹാദിന്റെ പൂക്കൾ

“നീ ബലിപീഠത്തിങ്കൽ കാഴ്ച അർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് പിണക്കമുണ്ടെന്ന് അവിടെവെച്ച് ഓർമിക്കയാണെങ്കിൽ കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽവച്ചിട്ട് പോകുക. ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക. പിന്നീട് വന്നു കാഴ്ച അർപ്പിക്കുക” (മത്തായി 5:23-25).

സ്വന്തം നിലനിൽപ് അപകടത്തിലാണെന്ന് തിരിച്ചറിയുമ്പോൾ ശത്രുവിനെ പ്രീണിപ്പിച്ച് അവന്റെ അക്രമത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക എന്നത് പലരും ചെയ്യുന്ന കാര്യമാണ്. ശത്രുവിന്റെ മറ്റു ശത്രുക്കളോട് എതിർപ്പു പ്രകടിപ്പിച്ചും അവർ ശത്രുവിനെ പ്രീണിപ്പിക്കാൻ ശ്രമിക്കും. അതാണ് ഈയിടെയായി ചില സഭകളും സഭാപ്രചാരകരും നടത്തിക്കൊണ്ടിരിക്കുന്നത്. സംഘ്പരിവാർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവ മിഷണറിമാരെ ‘നന്നായി കൈകാര്യം ചെയ്യുന്നത്’ നിത്യസംഭവമായി മാറിയിട്ടുണ്ട്. കേരളത്തിലും കൈപ്പേറിയ അനുഭവം ഈയിടെയായി ഉണ്ടായിട്ടുണ്ട്. അതിനാൽ അവരോട് ഒട്ടിനിൽക്കലാണ് ബുദ്ധി. അതിന് പറ്റിയ ഏറ്റവും നല്ല കാര്യമാണ് മുസ്‌ലിം വിരുദ്ധത പ്രകടമാക്കൽ. എഫ്ബി, വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി അതിലൂടെയും വ്യാജ പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ അക്കൗണ്ട് തുറന്ന് അവയിലൂടെയും ഇസ്‌ലാം, മുസ്‌ലിം വിരുദ്ധ പോസ്റ്റുകൾ തള്ളിമറിക്കുകയാണിവർ. കേട്ടാൽ അറപ്പുതോന്നുന്ന രൂപത്തിൽ പ്രവാചകനെ പോലും തെറിപറയാൻ ഇവർ മടികാണിക്കുന്നില്ല. സംഘ്പരിവാറിന്റെ തലയിലുദിച്ച ലൗ ജിഹാദ് ആവിയായി പോയിട്ടും ഇന്നും ഇക്കൂട്ടർ അതും പൊക്കിപ്പിടിച്ച് സ്വസമുദായത്തിലെ സ്ത്രീകളെ ഭയപ്പെടുത്തുന്നുണ്ട്.

ഇതിനിടയിലാണ് പാലായിലെ ബിഷപ്പ് ‘നാർക്കോട്ടിക് ജിഹാദ്’ എന്ന പുതിയ കണ്ടുപിടുത്തവുമായി രംഗത്തുവന്നിരിക്കുന്നത്. ഹിന്ദു-ക്രിസ്ത്യൻ യുവതികൾക്ക് ലഹരി വസ്തുക്കൾ നൽകി മയക്കിയെടുത്ത് അവരെ മതപരിവർത്തനത്തിന് വിധേയമാക്കുവാൻ മുസ്‌ലിംകൾ ആവിഷ്കരിച്ച പദ്ധതിയാണ് നാർക്കോട്ടിക് ജിഹാദ് എന്നാണ് ബിഷപ്പ് ഒരു വെളിവുമില്ലാതെ വെളിപ്പെടുത്തിയിട്ടുള്ളത്.

ഇസ്‌ലാമിന്റെ ബാലപാഠം മനസ്സിലാക്കിയവർക്കറിയാം ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദുമൊക്കെ ഇസ്‌ലാമിക വിരുദ്ധമാണെന്ന്. അന്യ സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള പ്രണയവും എല്ലാ ലഹരി വസ്തുക്കളുടെയും ഉപയോഗവും ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യങ്ങളാണ് എന്നിരിക്കെ ഇസ്‌ലാമിലേക്ക് ആളെക്കൂട്ടാൻ ഈ നിഷിദ്ധമായ മാർഗം എങ്ങനെ സ്വീകരിക്കും? മതപ്രബോധനത്തിനും മതംമാറ്റത്തിനും ഏത് നീചമാർഗവും സ്വീകരിക്കുക എന്നത് ഇസ്‌ലാമികമല്ല. ലക്ഷ്യംപോലെ മാർഗവും നന്നാവണമെന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. പ്രമാണങ്ങളിലൂടെ, തെളിവുകൾ നിരത്തിക്കൊണ്ടാണ് ഇസ്‌ലാം അതിന്റെ ആശയാദർശങ്ങൾ പ്രബോധിത സമൂഹത്തിനു മുമ്പിൽ സമർപ്പിക്കുന്നത്. അല്ലാതെ പ്രലോഭനങ്ങളും വാഗ്ദാനങ്ങളും ഭീഷണികളും കൊണ്ടല്ല. “(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ.” (ക്വുർആൻ 12:108)

ശക്തമായ തെളിവുകളുടെയും പൂർണബോധ്യത്തിന്റെയും അടിത്തറയിലായിരിക്കണം ഒരാളുടെ ആദർശം പടുത്തുയർത്തേണ്ടത്. അല്ലെങ്കിൽ അതിന് സ്ഥായീഭാവമുണ്ടാവുകയില്ല. പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണവും മണ്ണെണ്ണയും കൊടുത്തുകൊണ്ടോ, രോഗികൾക്ക് മരുന്ന് നൽകിക്കൊണ്ടോ, വിവാഹ പ്രായമെത്തിയ സ്ത്രീകളെ പ്രണവലയിൽ കുടുക്കിക്കൊണ്ടോ അല്ല ലോകത്ത് ഇസ്‌ലാം വളർന്നിട്ടുള്ളതും വളരുന്നതും. സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കിക്കൊടുത്തുകൊണ്ട് സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കേണ്ട ബാധ്യത മാത്രമെ ഇസ്‌ലാമികപ്രബോധകർക്കുള്ളൂ. തെളിവുകൾ നിരത്തി ജനങ്ങളോട് സംവദിക്കുന്ന ദൈവികമതമായ ഇസ്‌ലാമിന് കോറം തികക്കാനായി ആളെ കൂട്ടേണ്ട ആവശ്യമില്ല. അത് കാണിച്ച് ആരിൽനിന്നും പണംകിട്ടാനുമില്ല.



ടി.കെ.അശ്‌റഫ്
tkashraf100@gmail.com

ലേഖനം

# നാർക്കോട്ടിക്: ഇസ്‌ലാമിക പ്രമാണങ്ങൾ എന്ത് പറയുന്നു?

മയക്കുമരുന്നിനെ ജിഹാദുമായി ചേർത്ത് ചർച്ചകൾ കാടുകയറുമ്പോൾ എന്താണ് മദ്യത്തെ സംബന്ധിച്ച് ക്വുർആനിന്റെയും പ്രവാചകാധ്യാപനങ്ങളുടെയും നിലപാടെന്ന് അറിയാൻ ആഗ്രഹിക്കുന്നവർക്ക് താഴെ ചേർത്ത ക്വുർആനിക വചനവും അനുബന്ധ വിശദീകരണവും സഹായകമാകും:

അല്ലാഹു പറഞ്ഞു: “സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്‌നംവെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും, അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്‌കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ വിരമിക്കുവാനൊരുക്കമുണ്ടോ? നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നമ്മുടെ ദൂതന്റെ ബാധ്യത വ്യക്തമായ രീതിയിൽ സന്ദേശം എത്തിക്കുക മാത്രമാണെന്ന് നിങ്ങൾ മനസ്സിലാക്കുക" (ക്വുർആൻ 5:90-92).

ഉപര്യുക്ത വിശുദ്ധവചനം പലനിലയ്ക്ക് മദ്യം നിഷിദ്ധമാണെന്ന് അറിയിക്കുന്നു.

1. 'സത്യവിശ്വാസികളേ' എന്ന അഭിസംബോധനയാലാണ് വിശുദ്ധ വചനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത വിളി അറിയിക്കുന്നതാകട്ടെ ശേഷം വരുന്ന മതവിധി നടപ്പാക്കൽ സ്രഷ്ടാവിന് ഉത്തരമേകിയവർക്ക് നിർബന്ധമാണ് എന്നതാണ്.

2. മദ്യത്തെ ചൂതാട്ടത്തോടും പ്രതിഷ്ഠകളോടും പ്രശ്നംവെച്ച് നോക്കുവാനുള്ള അമ്പുകളോടുമാണ് ചേർത്ത് പറഞ്ഞത്. ഇവയെല്ലാം വൻപാപങ്ങളാണ്.

മദ്യം മഹാപാപമാണെന്നതിനാലും സകല തിന്മകളുടെയും താക്കോൽ എന്നതിനാലുമാണ് അവയെക്കാളെല്ലാം മദ്യത്തെ മുന്തിച്ചത്.

3. വിശുദ്ധ വചനത്തിൽ മദ്യത്തെ 'രിജ്സ്' എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. മാലിന്യത്തിനും മ്ലേഛതയ്ക്കുമാണ് അറബിഭാഷയിൽ 'രിജ്സ്' എന്ന് പറയുക.

4. 'പൈശാചിക പ്രവൃത്തി' എന്ന വിശേഷണം കൂടി അതിന് പ്രസ്തുത വചനത്തിൽ പറയപ്പെട്ടു. പിശാചിൽനിന്ന് തിന്മ മാത്രമെ ഉണ്ടാകൂ.

5. 'അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക' പ്രസ്തുത പ്രയോഗം അർഥമാക്കുന്നതാകട്ടെ ഒരു വസ്തുവിൽനിന്ന് അകലുക, അതിനോടും അതിന്റെ അതിരുകളോടും അടുക്കാതിരിക്കുക എന്നൊക്കെയാണ്. മദ്യത്തിൽനിന്ന് പാടെ അകലണമെന്ന് പ്രസ്തുത വചനം അറിയിക്കുമ്പോൾ എങ്ങനെയാണ് അതിനെ സമീപിക്കുക? മദ്യം ഹറാമാണെന്നതിന് ഏറ്റവും തെളിഞ്ഞ രേഖയാണ് ഈ പ്രയോഗം.

6. 'നിങ്ങൾക്ക് വിജയം പ്രാപിക്കാം' എന്നതുകൊണ്ടാണ് ഈ വചനം അവസാനിക്കുന്നത്. മദ്യത്തിൽ നിന്ന് അകലുമ്പോഴാണ് വിജയം എന്ന് ഇതിലൂടെ ഉണർത്തുന്നു. എങ്കിൽ മദ്യവുമായി ബന്ധപ്പെട്ട് തെറ്റുകളിൽ അകപ്പെടൽ ദുരന്തവും പരാജയവും മാത്രമാണ്.

7. മദ്യപാനത്തെ തുടർന്നുണ്ടാകുന്ന കുഴപ്പങ്ങൾ ഈ വചനം വിവരിക്കുന്നത് ഇപ്രകാരമാണ്:

"പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാണ്."

8. 'അതിനാൽ നിങ്ങൾ വിരമിക്കാൻ ഒരുക്കമുണ്ടോ?' എന്ന ചോദ്യംകൊണ്ടാണ് അടുത്ത വചനം അല്ലാഹു അവസാനിപ്പിക്കുന്നത്. ഭീതിപ്പെടുത്തുവാനും മുന്നറിയിപ്പ് നൽകുവാനും വേണ്ടിയാണ് പ്രസ്തുത ചോദ്യം. അതുകൊണ്ടാണ് തിരുനബിയുടെ അനുചരന്മാർ ഈ ചോദ്യം കേട്ടമാത്രയിൽ ഞങ്ങൾ വിരമിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചത്.

9. മദ്യം നിഷിദ്ധമാക്കിയ വചനത്തിന് തൊട്ടുപിറകെ അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നമ്മുടെ ദൂതന്റെ ബാധ്യത വ്യക്തമായരീതിയിൽ സന്ദേശം എത്തിക്കുക മാത്രമാണെന്ന് നിങ്ങൾ മനസ്സിലാക്കുക."

മദ്യപാനം മതിയാക്കി അല്ലാഹുവിന്റെ ആജ്ഞയെ അനുധാവനം ചെയ്യേണ്ടുന്നതിന്റെ അനിവാര്യതയെയാണ് പ്രസ്തുത വചനം അറിയിക്കുന്നത്.

മദ്യത്താൽ പരീക്ഷിക്കപ്പെട്ട്, അത് നിഷിദ്ധമാക്കപ്പെടുന്നതിനുമുമ്പ് മരണപ്പെടുകയോ രക്തസാക്ഷിയാവുകയോ

**"അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചവനാണ് മുസ്‌ലിം. ഒരാൾ മുസ്‌ലിമാവുകയെന്നാൽ ദൈവിക മാർഗനിർദേശങ്ങൾക്കനുസരിച്ച് ജീവിതത്തെ പരിവർത്തിപ്പിക്കുക എന്നാണർഥം. ഈ പരിവർത്തനത്തിന്റെ മുളപൊട്ടേണ്ടത് മനസ്സിലാണ്. മനുഷ്യമനസ്സുകളിൽ മാറ്റം ഉണ്ടാകാതെ മൗലികമായ യാതൊരു പരിവർത്തനവും സാധ്യമല്ലെന്നതാണ് ക്വുർആനിന്റെ വീക്ഷണം. അതുകൊണ്ടുതന്നെ നിർബന്ധിച്ച് ഒരാളെയും മതത്തിൽ കൂട്ടുന്നതിനോട് അത് യോജിക്കുന്നില്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയരുമ്പോൾ വൈകാരികത മാറ്റിവെച്ച് വസ്തുതകൾ അറിയാൻ ശ്രമിക്കലാണ് നമ്മുടെ ബാധ്യത. വിവാദങ്ങൾ കത്തിച്ചുനിർത്തി നാടിന്റെ സൗഹാർദം തകർക്കുന്ന എല്ലാ ശ്രമങ്ങളെയും ചെറുത്ത് തോൽപിക്കാൻ നമുക്ക് കൈകോർക്കാം."**

ചെയ്ത മഹത്തുക്കളുടെ വിഷയത്തിൽ സ്വഹാബത്തിനുണ്ടായ ആശങ്കക്ക് ക്വുർആൻ അറുതിവരുത്തുന്നത് കാണുക:

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അവർ മുമ്പ് കഴിച്ചുപോയതിൽ കുറ്റമില്ല. അവർ അല്ലാഹുവെ സൂക്ഷിക്കുകയും വിശ്വസിക്കുകയും സൽപ്രവൃത്തികളിലേർപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ..." (ക്വുർആൻ 5:93).


## പ്രവാചക വചനങ്ങളിൽ എന്ത് പറയുന്നു?

മദ്യം നിഷിദ്ധവും നികൃഷ്ടവുമാണെന്നറിയിക്കുന്ന തിരുമൊഴികൾ ധാരാളമാണ്. ചിലത് താഴെ നൽകുന്നു.

### 1. മദ്യം രോഗമാണ്; രോഗശമനിയല്ല:

ഒരു വ്യക്തി നബിﷺയോട് മദ്യത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ തിരുമേനി അദ്ദേഹത്തോട് മദ്യം വിരോധിച്ചു. അദ്ദേഹം പറഞ്ഞു:

"ഞാൻ മരുന്നിനുവേണ്ടി മാത്രമാണ് അത് ഉണ്ടാക്കുന്നത്." തിരുമേനിﷺ പറഞ്ഞു: "നിശ്ചയം അത് രോഗമാണ്, ഒരിക്കലും രോഗശമനിയല്ല."



### 2. മദ്യം മ്ലേച്ഛവൃത്തികളുടെ മാതാവ്:

ഇബ്നു അബ്ബാസിൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർﷺ പറയുന്നത് ഞാൻ കേട്ടു: 'മദ്യം നീചവൃത്തികളുടെ മാതാവും വൻപാപവുമാണ്. വല്ലവരും അത് കുടിച്ചാൽ അവന്റെ മാതാവിന്റെയും സഹോദരിയുടെയും മാതൃസഹോദരിയുടെയുംമേൽ അവൻ വീണെന്നിരിക്കും."

### 3. മദ്യം സർവ തിന്മകളുടെയും താക്കോൽ:

അബുദ്ദർദാഇൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "എന്റെ ഇഷ്ടഭാജനം തിരുനബി എന്നോട് വസ്വിയ്യത്ത് ചെയ്തു: 'താങ്കൾ മദ്യം കുടിക്കരുത്. കാരണം അത് എല്ലാ തിന്മകളുടെയും താക്കോലാകുന്നു, തീർച്ച."

### 4. ലഹരിയുണ്ടാക്കുന്നതെല്ലാം മദ്യമാണ്:

അബ്ദുല്ലാഹിബ്നു ഉമറിൽ(റ)നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു: 'ലഹരിയുണ്ടാക്കുന്ന എല്ലാതും മദ്യമാകുന്നു. എല്ലാ ലഹരിയുണ്ടാക്കുന്നതും ഹറാമാകുന്നു."

### 5. മദ്യം കുറച്ചാണെങ്കിലും ഹറാമാണ്:

ജാബിർ ബിൻ അബ്ദുല്ല(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു: 'കൂടുതൽ ഉപയോഗിച്ചാൽ ലഹരിയുണ്ടാക്കുന്നത് കുറച്ചാണെങ്കിലും ഹറാമാണ്."

### 6. മദ്യവുമായി ബന്ധപ്പെട്ടവരെല്ലാം ശാപാർഹരാണ്:

അനസ് ഇബ്നു മാലികിൽ(റ)നിന്ന് നിവേദനം: "അല്ലാഹുവിന്റെ റസൂൽﷺ മദ്യത്തിന്റെ വിഷയത്തിൽ പത്ത് വിഭാഗത്തെ ശപിച്ചു; മദ്യം വാറ്റുന്നവൻ, അത് ആർക്കുവേണ്ടി വാറ്റുന്നുവോ അയാൾ, അത് കുടിക്കുന്നവൻ, അത് വഹിച്ചെത്തിക്കുന്നവൻ, ആർക്കുവേണ്ടി വഹിക്കുന്നുവോ അവൻ, അത് വിൽക്കുന്നവൻ, കുടിപ്പിക്കുന്നവൻ, അതിന്റെ വില തിന്നുന്നവൻ, അത് വിലയ്ക്ക് വാങ്ങുന്നവൻ, ആർക്കുവേണ്ടി വിലയ്ക്കു വാങ്ങുന്നുവോ അവൻ."

### 7. മദ്യത്തിലൂടെയുള്ള സമ്പാദ്യം ഹറാമാണ്:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: "നിശ്ചയം അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: 'നിശ്ചയം, അല്ലാഹു കള്ളും അതിന്റെ വിലയും ഹറാമാക്കിയിരിക്കുന്നു. ശവവും അതിന്റെ വിലയും ഹറാമാക്കിയിരിക്കുന്നു. പന്നിയും അതിന്റെ വിലയും ഹറാമാക്കിയിരിക്കുന്നു."

### 8. മദ്യം വിളമ്പുന്ന സദ്യകളിൽ ഇരിക്കാൻ പാടില്ല:

നബിﷺ പറഞ്ഞതായി ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം: "വല്ലവനും അല്ലാഹുവിലും അന്ത്യ

ദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ മദ്യം സേവിക്കപ്പെടുന്ന തീൻമേശകളിൽ അവൻ ഇരിക്കരുത്.”

**9. വിശ്വാസത്തോടുകൂടി മദ്യപിക്കാനാവില്ല:**

അബൂഹുറയ്റ ﷺയിൽനിന്ന് നിവേദനം: “നിശ്ചയം, നബിﷺ പറഞ്ഞു: ‘ഒരാൾ മദ്യപിക്കുമ്പോൾ വിശ്വാസിയായിക്കൊണ്ട് അയാൾ മദ്യപിക്കുകയില്ല.”

**10. മദ്യപാനിക്കുള്ള ഇസ്‌ലാമിക ശിക്ഷ:**

അലി ﷺയിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: “അല്ലാഹുവിന്റെ റസൂൽﷺ മദ്യത്തിന്റെ വിഷയത്തിൽ നാൽപത് അടി നൽകി. അബൂബക്റും നാൽപത് അടി നൽകി. തന്റെ ഖിലാഫത്തിന്റെ തുടക്കത്തിൽ ഉമറും അപ്രകാരമായിരുന്നു ശിക്ഷ നൽകിയിരുന്നത്. ശേഷം അദ്ദേഹം ശിക്ഷ എൺപത് ആക്കി പൂർത്തീകരിച്ചു. എല്ലാം സുന്നത്താകുന്നു.”

**11. മദ്യപാനിക്ക് സ്വർഗത്തിലെ വിശിഷ്ട പാനീയം നിഷിദ്ധം:**

അബ്ദുല്ലാഹിബ്നു ഉമറി ﷺൽനിന്ന് നിവേദനം: “വല്ലവനും ഇഹലോകത്ത് മദ്യപിച്ച് അതിൽനിന്ന് പശ്ചാത്തപിട്ടില്ലായെങ്കിൽ പരലോകത്തിൽ അയാൾക്ക് അത് നിഷേധിക്കപ്പെടും; അയാൾ അത് കുടിപ്പിക്കപ്പെടുകയില്ല.‘

**12. മദ്യപാനിക്ക് സ്വർഗം നിഷിദ്ധം:**

അബ്ദുല്ലാഹിബ്നു ഉമറി ﷺൽനിന്ന് നിവേദനം: “അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: ‘മൂന്ന് കൂട്ടർ, അവരുടെമേൽ അല്ലാഹു സ്വർഗം ഹറാമാക്കിയിരിക്കുന്നു: മുഴുക്കുടിയൻ, മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ, സ്വന്തം കുടുംബത്തിൽ വൃത്തികേടിന് സമ്മതം നൽകുന്നവൻ.”


**13. മദ്യപാനിയുടെ നമസ്കാരം:**

അബ്ദുല്ലാഹിബ്നു അബ്ബാസി ﷺൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: “ബുദ്ധിയെ മൂടുന്നതെല്ലാം മദ്യമാകുന്നു. എല്ലാ ലഹരിയുണ്ടാക്കുന്നതും ഹറാമുമാകുന്നു. വല്ലവനും ലഹരിയുണ്ടാക്കുന്നത് കുടിച്ചാൽ അവന്റെ നാൽപത് പ്രഭാതങ്ങളിലെ നമസ്കാരം പാഴായി.”

### സാമൂഹ്യവിഭജനം അരുത്

ക്വുർആനും പ്രവാചക വചനങ്ങളും ഇത്രമാത്രം ഗൗരവമുള്ള പാപമായി കാണുന്ന മദ്യത്തെയും മയക്കുമരുന്നിനെയും ഉപാധിയാക്കി ഇസ്‌ലാമിലേക്ക് ആരെങ്കിലും ആളെ ചേർക്കുമോ? ഒരിക്കലുമില്ല! ഇനി അങ്ങനെയുണ്ടങ്കിൽ അത് ചെയ്യുന്നവരെ അറിയാൻ മുസ്‌ലിം സമുദായത്തിനും ആഗ്രഹമുണ്ട്. അവരെ നേരിടാൻ എല്ലാവർക്കും മുന്നിൽ സമുദായമുണ്ടാകും.

ദൈവിക മാർഗത്തിലുള്ള കഠിനാധ്വാനമെന്ന



അർഥത്തിലാണ് ക്വുർആനിലും നബി വചനങ്ങളിലുമെല്ലാം ‘ജിഹാദ്’ എന്ന് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. അതല്ലാതെ അമുസ്‌ലിംകൾക്കെതിരെ നടത്തുന്ന വർഗീയ അക്രമങ്ങൾക്കോ വിഭാഗീയതക്കോ അല്ല ‘ജിഹാദ്’ എന്ന് പറയുന്നത്.

ഇസ്‌ലാം എന്നാൽ സമർപ്പണം, സമാധാനം എന്നിങ്ങനെയാണർഥം. സർവശക്തന് സ്വന്തം ജീവിതത്തെ സമർപ്പിക്കുന്നതുവഴി ഒരാൾ നേടിയെടുക്കുന്ന സമാധാനമാണ് ഇസ്‌ലാം.

അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചവനാണ് മുസ്‌ലിം. ഒരാൾ മുസ്‌ലിമാവുകയെന്നാൽ ദൈവിക മാർഗനിർദേശങ്ങൾക്കനുസരിച്ച് ജീവിതത്തെ പരിവർത്തിപ്പിക്കുക എന്നാണർഥം. ഈ പരിവർത്തനത്തിന്റെ മുളപൊട്ടേണ്ടത് മനസ്സിലാണ്. മനുഷ്യമനസ്സുകളിൽ മാറ്റം ഉണ്ടാകാതെ മൗലികമായ യാതൊരു പരിവർത്തനവും സാധ്യമല്ലെന്നതാണ് ക്വുർആനിന്റെ വീക്ഷണം. അതുകൊണ്ടുതന്നെ നിർബന്ധിച്ച് ഒരാളെയും മതത്തിൽ കൂട്ടുന്നതിനോട് അത് യോജിക്കുന്നില്ല.

അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയരുമ്പോൾ വൈകാരികത മാറ്റിവെച്ച് വസ്തുതകൾ അറിയാൻ ശ്രമിക്കലാണ് നമ്മുടെ ബാധ്യത. വിവാദങ്ങൾ കത്തിച്ചുനിർത്തി നാടിന്റെ സൗഹാർദം തകർക്കുന്ന എല്ലാ ശ്രമങ്ങളെയും ചെറുത്ത് തോൽപിക്കാൻ നമുക്ക് കൈകോർക്കാം.

നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി



# ലഹരിയിൽ തകർന്നടിയുന്ന ജീവിതങ്ങൾ

**ചെറിയ ചെറിയ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് അപക്വമതികളുടെ ജീവിതത്തിലേക്ക് ലഹരി കടന്നുവരിക. പിന്നീട് മോചിതനാവാൻ കഴിയാത്ത തരത്തിലുള്ള പ്രശ്നമായി അത് മാറുന്നു. ലഹരി നുണഞ്ഞ ജീവിതങ്ങൾക്ക് പറയാനുള്ളത് അത് നക്കിയെടുത്ത മനുഷ്യായുസ്സിന്റെ കദനകഥകൾ കൂടിയാണ്.**

മനുഷ്യൻ സമാധാനകാംക്ഷിയാണ്, എന്നാൽ പ്രശ്ന സങ്കീർണമായ ആധുനിക ലോക സാഹചര്യത്തിൽ സമാധാനം എന്നത് കിട്ടാക്കനിയായി മാറുന്നു എന്നതാണ് യാഥാർഥ്യം. അസ്വസ്ഥമായ മനസ്സുമായി പ്രശ്നങ്ങളോട് മല്ലിട്ട് ജീവിതം തള്ളിനീ

ക്കുന്നവരാണ് മനുഷ്യരിൽ അധികപേരും. ജീവിതം ദുസ്സഹമാകുന്നു എന്ന് തോന്നുമ്പോൾ സമാധാനത്തിന് വേണ്ടി കുറുക്കുവഴികൾ തേടുക എന്നതാണ് പലരും അവലംബിക്കുന്ന രീതി. അതാവട്ടെ സർവനാശത്തിലേക്കുള്ള ചുവടുവയ്പായി മാറുന്നു.

ലഹരി ഇത്തരത്തിൽ 'ടെൻഷൻ മാറ്റാൻ' ഉപയോഗിക്കുന്ന ഒറ്റമൂലിയാണ് എന്നാണ് പലരും ന്യായീകരിക്കാറുള്ളത്. പുകയില ഉത്പന്നങ്ങളിൽ തുടങ്ങി മദ്യവും മയക്കുമരുന്നുകളും ഈ ഒറ്റമൂലിയുടെ ഗണത്തിൽ പടിപടിയായി കടന്നുവരികയാണ്. സ്വൈര്യജീവിതത്തിൽനിന്നും സർവനാശത്തിലേക്കുള്ള യാത്രയാണ് ലഹരി സമ്മാനിക്കുന്നതെന്ന യാഥാർഥ്യം അംഗീകരിക്കാൻ നമുക്ക് ഏറെ പ്രയാസപ്പെടേണ്ടതില്ല; ലഹരി അനേകരുടെ ജീവിതത്തെ തകർത്തതിന്റെ ഉദാഹരണങ്ങൾ നമുക്ക് ചുറ്റും അത്രമാത്രമുണ്ട്.

ആസ്വാദനത്തിനുവേണ്ടിയാണ് ലഹരിവസ്തുക്കൾ ഉപയോഗിച്ച് തുടങ്ങുന്നത് എന്നതാണ് മറ്റു ചിലരുടെ വാദം. എന്നാൽ ആസ്വാദനത്തിനുവേണ്ടി തുടങ്ങുന്ന ലഹരിയുപയോഗം പതിയെ സ്വബോധം നഷ്ടപ്പെടുത്തുന്ന രീതിയിലേക്ക് മാറുന്നു. ആസ്വാദനം എന്നത് സ്വബോധം ഉണ്ടെങ്കിലല്ലേ സാധ്യമാകൂ? മാനസികനിലയെത്തന്നെ തകരാറിലാക്കുന്ന ഇത്തരം വസ്തുക്കൾ ആസ്വാദനം നൽകുന്നു എന്നത് കേവലം ന്യായീകരണം മാത്രമല്ലാതെ മറ്റെന്താണ്? അതിനെക്കാളുപരി മാനസിക, ശാരീരിക, സാമ്പത്തിക ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുകയും അഭിമാനവും അതിലുപരി ജീവൻതന്നെയും നഷ്ടപ്പടാൻ ഇത് കാരണമാവുകയും ചെയ്യുന്നു. ലഹരിയുപയോഗത്താൽ മാരക രോഗങ്ങൾക്കടിമപ്പെട്ട് ദുരിതജീവിതം പേറുന്നവരില്ലേ നമ്മുടെ ചുറ്റും? മാനസികനില തെറ്റിയവരായി മാറുന്ന പലരും ആർക്കും വേണ്ടാത്തവരായി തെരുവിൽ അലഞ്ഞുനടക്കുന്നതും മറ്റും നാം പലപ്പോഴും കാണുന്നതാണ്. ചുരുക്കത്തിൽ, ലഹരി ജീവിതങ്ങൾ തകർക്കാൻ മാത്രമെ കാരണമാകൂ എന്ന തിരിച്ചറിവാണ് ആദ്യമായി വേണ്ടത്.

കേരളം പോലുള്ള വിദ്യാസമ്പന്നവും സംസ്കാര സമ്പന്നവുമായ ഒരു നാട്ടിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി മയക്കു മരുന്നുകളുടെ ഉപയോഗം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുമ്പ് ഏതാനും ഗ്രാം കഞ്ചാവ് പിടികൂടി എന്ന വാർത്തകളാണ് നാം കേട്ടിരുന്നതെങ്കിൽ ഇന്നത് കിലോകളും ക്വിന്റലുകളുമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നത് ഗൗരവതരമാണ്. വ്യത്യസ്തയിനം ലഹരിവസ്തുക്കൾ പടർന്നുകയറുകയാണ്. കേരളം ലഹരിവസ്തു വിപണനത്തിന്റെ ഹബ്ബായി മാറുന്നുവോ എന്ന സംശയത്തിന് ബലം നൽകുന്ന രീതിയിലാണ് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ. കോവിഡ് മഹാമാരി ജനത്തെ മുഴുവൻ വീട്ടിലടച്ചിട്ടിട്ടും ലഹരിവസ്തുക്കളുടെ ഒഴുക്ക് നിർബാധം തുടരുന്നു എന്നത് ഞെട്ടിപ്പിക്കുന്നതാണ്. 2020 ഏപ്രിൽ മുതൽ 2021 ജൂലൈവരെ 9094.66 കിലോ കഞ്ചാവാണ് കേരളത്തിൽ വിവിധ ഇടങ്ങളിൽനിന്ന് എക്സൈസും പോലീസും പിടിച്ചെടുത്തത്. കൂടാതെ ഹഷീഷ് ഓയിൽ, എംഡിഎംഎ, എൽഎസ്ഡി തുടങ്ങിയ മാരക ലഹരിവസ്തുക്കൾ വേറെയും. കേരളത്തിൽ ഇത്രയധികം ലഹരിവസ്തുക്കൾ വിറ്റഴിക്കാനുള്ള വിപണി ഉണ്ടെന്നത് അത്ഭുതാവഹമാണ്; അതോടൊപ്പം ആശങ്കാജനകവും.

അന്യസംസ്ഥാനങ്ങളിൽനിന്നാണ് ലഹരിവസ്തുക്കൾ പ്രധാനമായും കേരളത്തിലേക്ക് എത്തുന്നത്. തമിഴ്നാട്, കർണാടക, ആന്ധ്ര, ഗോവ തുടങ്ങിയ സംസ്ഥാങ്ങളിൽനിന്നാണ് പ്രധാനമായും റോഡ് മാർഗം ഇവ കേരളത്തിലേക്ക് കടത്തുന്നത്. സ്വകാര്യവാഹനങ്ങൾ, അന്യസംസ്ഥാനങ്ങളിൽനിന്ന് കേരള

> **ആസ്വാദനത്തിനുവേണ്ടിയാണ് ലഹരിവസ്തുക്കൾ ഉപയോഗിച്ച് തുടങ്ങുന്നത് എന്നതാണ് മറ്റുചിലരുടെ വാദം. എന്നാൽ ആസ്വാദനത്തിനുവേണ്ടി തുടങ്ങുന്ന ലഹരിയുപയോഗം പതിയെ സ്വബോധം നഷ്ടപ്പെടുത്തുന്ന രീതിയിലേക്ക് മാറുന്നു. ആസ്വാദനം എന്നത് സ്വബോധം ഉണ്ടെങ്കിലല്ലേ സാധ്യമാകൂ? മാനസികനിലയെത്തന്നെ തകരാറിലാക്കുന്ന ഇത്തരം വസ്തുക്കൾ ആസ്വാദനം നൽകുന്നു എന്നത് കേവലം ന്യായീകരണം മാത്രമല്ലാതെ മറ്റെന്താണ്? അതിനെക്കാളുപരി മാനസിക, ശാരീരിക, സാമ്പത്തിക ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുകയും അഭിമാനവും അതിലുപരി ജീവൻതന്നെയും നഷ്ടപ്പടാൻ ഇത് കാരണമാവുകയും ചെയ്യുന്നു.**

ത്തിലേക്ക് ചരക്കുനീക്കം നടത്തുന്ന ലോറികൾ, ടൂറിസ്റ്റ് സർവീസ് നടത്തുന്ന വാഹനങ്ങൾ എന്നിവയിലൊക്കെയാണ് ലഹരി കടത്തുന്നത്. പ്രത്യേക അറകളിൽ സൂക്ഷിച്ചും നിത്യോപയോഗ സാധനങ്ങൾ എന്ന വ്യാജേനയും ലഹരിക്കടത്ത് സംഘങ്ങൾ കേരളത്തിലേക്ക് മയക്കുമരുന്നുകൾ എത്തിക്കുന്നു. കഴിഞ്ഞ മാസം കൊച്ചിയിൽ അറസ്റ്റിലായ സംഘം കുടുംബമെന്ന വ്യാജേന യാത്രചെയ്താണ് ലഹരി കടത്തിയിരുന്നത്. നിയമപാലകരുടെ കണ്ണിൽ പൊടിയിടാൻ വിലകൂടിയ നായകളും ഇവരുടെ വാഹനത്തിൽ ഉണ്ടായിരുന്നു. കൊച്ചിയിലെ ഈ കേസിൽ പ്രതികളെ രക്ഷിക്കാനും പിടിച്ച ലഹരിവസ്തുക്കളുടെ അളവ് കുറച്ചുകാണിക്കുന്നതിനും ശ്രമം നടത്തിയത് കേസ് അട്ടിമറിക്കാൻ ഉന്നതങ്ങളിൽ നടത്തുന്ന ഗൂഢാലോചനക്ക് തെളിവാണ്.

ഈയിടെ കർണാടകയിൽ മരിച്ച ബോളിവുഡ് നടൻ സുശാന്ത് സിങ്ങിന്റെ മരണവുമായി ബന്ധപ്പെട്ട് കർണാടക പോലീസ് ശക്തമായ അന്വേഷണം നടത്തിവരികയാണ്. ബോളിവുഡ് സിനിമയുമായി ബന്ധമുള്ള പലരെയും ഇതിനകം ചോദ്യംചെയ്ത് കഴിഞ്ഞു. രണ്ട് കന്നഡ നടിമാർ അറസ്റ്റിലുമായി. ഇവരെ ചോദ്യം ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ഈ മാഫിയയുടെ കേരള ബന്ധം പുറത്ത് വരുന്നത്. കേരളത്തിൽ 2019ൽ നിർമിച്ച സിനിമകൾ, അവയിൽ എത്രയെണ്ണം വിജയിച്ചു തുടങ്ങിയ വിവരങ്ങൾ സ്പെഷ്യൽബ്രാഞ്ച് ശേഖരിച്ചുവരികയാണ്. സിനിമാലോകത്ത് ലഹരിയുപയോഗം വ്യാപകമാണെന്ന് നിർമാതാക്കളുടെ സംഘടനകളും മറ്റും നേരത്തെതന്നെ ആരോപണം ഉന്നയിച്ചതാണ്. ലഹരി പാർട്ടികളും മറ്റും കേരളത്തിലെ വിവിധയിടങ്ങളിൽ നടക്കുന്നതിന്റെ വിവരങ്ങളും പലതവണ പുറത്ത് വന്നിട്ടുണ്ട്. ലഹരിക്കടത്തതുമായി ബന്ധപ്പെട്ട് എത്രയോ മലയാളികൾ ബംഗളുരു ജയിലിൽ കഴിയുന്നുണ്ട്.

ഇതെല്ലാം ചേർത്ത് വായിക്കുമ്പോൾ കേരളത്തിൽ ലഹരിയുപയോഗവും വിപണനവും കൂടിവരികയാണ് എന്നത് വെറും ആരോപണമല്ലെന്നും ഒരു യാഥാർഥ്യംതന്നെയാണ് എന്നും വ്യക്തമാകുന്നു. ലഹരിക്കടത്തും ഉപയോഗവും കൗമാരപ്രായക്കാരിലും യുവാക്കളിലുമാണ് കൂടുതൽ എന്നത് ഈ കേസുകളുടെ ആഴങ്ങളിലേക്ക് പോയാൽ ബോധ്യമാവുന്നതാണ്. ലഹരി ഒരുക്കുന്ന മഹാദുരന്തത്തിൽ നമ്മുടെ പുതുതലമുറ അകപ്പെടുന്നത് ആശങ്കപ്പെടുത്തേണ്ടതുതന്നെയാണ്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും യുവാക്കൾക്കിടയിലും ലഹരിയുപയോഗം കൂടുന്നതായി മനസ്സിലാക്കിയാണ് സംസ്ഥാന സർക്കാർ വിദ്യാലങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്യാമ്പയിനും ബോധവത്കരണ പരിപാടികളും ആരംഭിച്ചത്. എന്നാൽ കൊറോണ വ്യാപനംമൂലം വിദ്യാലയങ്ങൾ അടഞ്ഞുകിടന്നിട്ടും ജോലിസ്ഥലങ്ങൾ പ്രവർത്തന രഹിതമായ നാളുകളിലും ലഹരിക്കടത്ത് നടക്കുന്നു എന്നത് സൂചിപ്പിക്കുന്നത് ലഹരിയുടെ കെണിയിൽ പെട്ട നിരവധി ജീവിതങ്ങൾ നമുക്ക് ചുറ്റും ഉണ്ട് എന്നതുതന്നെയാണ്. ഓൺലൈൻ മാധ്യമങ്ങളും ഓൺലൈൻ വിപണന സാധ്യതകളും ഇത്തരം സംഘങ്ങൾ ഉപയോഗപ്പെടുത്തുന്നത് കൊണ്ടാവാം ലോക് ഡൗൺ കാലയളവിൽ പോലും ഇത്രയധികം മയക്കുമരുന്നുകൾ കേരളത്തിലേക്ക് എത്തിയത്.

സമീപകാലത്ത് നടന്ന പല കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും അപകടമരണങ്ങളും ബലാത്സംഗങ്ങളുമൊക്കെ ലഹരിവസ്തുക്കളുടെ ഉപയോഗം കാരണത്താൽ സംഭവിച്ചതാണെന്ന കാര്യം വ്യക്തമാണ്. ഇത്രയും വ്യാപകമായി നമ്മുടെ നാ



ട്ടിൽ ലഹരി ഉപയോഗവും വിപണനവും നടക്കുന്നതിന് തടയിടാൻ സർക്കാരിനും നിയമപാലകർക്കും സാധിക്കാതെ പോകുന്നത് എന്തുകൊണ്ട്?

കൊച്ചിയിലെ കാക്കനാട് ലഹരി മരുന്ന് കേസ് അട്ടിമറിക്കാൻ കൂട്ടുനിന്നതായി ആരോപണം നേരിടുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടിയെടുത്തിരിക്കുകയാണ്. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ എക്സൈസ് ഇൻസ്പെക്ടർ എൻ.ശങ്കറിനെ സസ്പെൻഡ് ചെയ്തു. സിഐ അടക്കം നാല് എക്സൈസ് ഉദ്യോഗസ്ഥരെ വിവിധയിടങ്ങളിലേക്ക് സ്ഥലംമാറ്റി. വേലിതന്നെ വിളവ് തിന്നുന്ന കാഴ്ച എത്ര ഭീകരമാണ്! സിനിമ, രാഷ്ട്രീയ, ബിസിനസ്, ഉദ്യോഗസ്ഥ ബന്ധം ലഹരിമാഫിയകളെ നിർബാധം സംസ്ഥാനത്ത് വിലസാൻ സഹായിക്കുന്നു എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരമാണ് കാക്കനാട്ടെ ലഹരിവേട്ടയും തുടർന്ന് നടന്ന നാടകങ്ങളും എന്നുവേണം മനസ്സിലാക്കാൻ. കേസിൽ പ്രതിയായ ഒരു സ്ത്രീയെ ഒഴിവാക്കാൻ ശ്രമം നടക്കുമ്പോൾ അവളെ എന്തിന് ഒഴിവാക്കുന്നു എന്ന നിഷ്കളങ്ക ചോദ്യം കൂട്ടുപ്രതിയായ മറ്റൊരു സ്ത്രീ ചോദിച്ചത് ഉദ്യോഗസ്ഥലോബിയുടെ കേസ് അട്ടിമറിക്കൽ നാടകത്തിന് നേർസാക്ഷ്യമാണ്.

### ലഹരിവസ്തുക്കൾക്കെതിരെ എൻഡിപിഎസ് ആക്റ്റ്

മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതികൾക്കെതിരെ പ്രയോഗിക്കുന്ന നിയമമാണ് 1985ലെ എൻഡിപിഎസ് ആക്റ്റ്. ഇത് വളരെ ശക്തമായ ഒരു കേന്ദ്ര ആക്റ്റാണ്. മയക്കുമരുന്നുകൾ വ്യാവസായിക അളവിൽ കൈവശം വയ്ക്കുകയോ കടത്തിക്കൊണ്ടുവരികയോ ചെയ്യുന്ന ഒരു വ്യക്തിക്ക് 10 മുതൽ 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം മുതൽ 2 ലക്ഷം രൂപവരെ പിഴശിക്ഷയും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ എൻഡിപിഎസ് കേസിലെ കുറ്റകരമായ ഗൂഢാലോചന തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞാൽ തടവുശിക്ഷയുടെ അളവ് 20 മുതൽ 40 വർഷം വരെയായി ഉയരും. ഒരിക്കൽ ഒരു 'കൊമേഴ്സ്യൽ ക്വാണ്ടിറ്റി' കേസിൽ പിടിക്കപ്പെടുകയും അത് പ്രോസിക്യൂഷന് കോടതി മുമ്പാകെ തെളിയിക്കുവാൻ കഴിയുകയും ചെയ്താൽ എൻഡിപിഎസ് ആക്റ്റ് പ്രകാരം വധശിക്ഷ വിധിക്കാവുന്നതാണ്. മയക്കുമരുന്ന് വ്യാപാരവുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം നൽകുന്നതും മയക്കുമരുന്ന് കൈവശപ്പെടുത്താൻ ശ്രമിക്കുന്നതും മയക്കുമരുന്നിന്റെ വിൽപനയും വിതരണവുമായി ബന്ധപ്പെട്ട കുറ്റകരമായ ഗൂഢാലോചനയിൽ പങ്കെടുക്കുന്നതുമെല്ലാം ശിക്ഷാർഹമാണ്. മയക്കുമരുന്ന് പിടിച്ചെടുക്കുകയോ, അത് കൈവശം വയ്ക്കുകയോ ചെയ്യണമെന്നില്ല; പ്രതികൾക്ക് അങ്ങനെയൊരു ഉദ്ദേശ്യം ഉണ്ടായിരുന്നുവെന്ന് പ്രോസിക്യൂഷന് തെളിയിക്കാൻ കഴിഞ്ഞാൽ മാത്രം മതി.

> **കേരളം പോലുള്ള വിദ്യാസമ്പന്നവും സംസ്കാര സമ്പന്നവുമായ ഒരു നാട്ടിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കൂടിവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി മയക്കു മരുന്നുകളുടെ ഉപയോഗം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളം ലഹരിവസ്തു വിപണനത്തിന്റെ ഹബ്ബായി മാറുന്നുവോ എന്ന സംശയത്തിന് ബലം നൽകുന്ന രീതിയിലാണ് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ. കോവിഡ് മഹാമാരി ജനത്തെ മുഴുവൻ വീട്ടിലടച്ചിട്ടിട്ടും ലഹരിവസ്തുക്കളുടെ ഒഴുക്ക് നിർബാധം തുടരുന്നു എന്നത് ഞെട്ടിപ്പിക്കുന്നതാണ്. 2020 ഏപ്രിൽ മുതൽ 2021 ജൂലൈവരെ 9094.66 കിലോ കഞ്ചാവാണ് കേരളത്തിൽ വിവിധ ഇടങ്ങളിൽനിന്ന് എക്സൈയും പോലീസും പിടിച്ചെടുത്തത്. കൂടാതെ ഹഷീഷ് ഓയിൽ, എംഡിഎംഎ, എൽഎസ്ഡി തുടങ്ങിയ മാരക ലഹരിവസ്തുക്കൾ വേറെയും. കേരളത്തിൽ ഇത്രയധികം ലഹരിവസ്തുക്കൾ വിറ്റഴിക്കാനുള്ള വിപണി ഉണ്ടെന്നത് അത്ഭുതാവഹമാണ്; അതോടൊപ്പം ആശങ്കാജനകവും.**

ഇത്രയും ശക്തമായ നിയമങ്ങൾ നിലനിൽക്കെയാണ് നമ്മുടെ നാട്ടിൽ ലഹരിക്കടത്ത് മാഫിയയുടെ വിളയാട്ടം എന്നത് മുകളിൽ സൂചിപ്പിച്ചതുപോലെ വേലി വിളവ് തിന്നുന്നതിന്റെ പരിണിതഫലം തന്നെയാണ് എന്നു വ്യക്തമാക്കുന്നു. ലഹരിയെ സാമ്പത്തിക നേട്ടത്തിന് വേണ്ടിയാണ് പലരും ഉപയോഗിക്കുന്നത്. പെട്ടെന്ന് പണക്കാരനാവാനും ചുരുങ്ങിയ സമയംകൊണ്ട്

കൂടുതൽ ലാഭം കൊയ്യാനും മനസ്സ് കൊതിക്കുന്ന ചെറുപ്പത്തെ ഇങ്ങനെയാണ് ഇത്തരം ലോബികൾ വലയയിലാക്കുന്നത്. നക്ഷത്ര ഹോട്ടലുകളിൽ നടക്കുന്ന ഡിജെ പാർട്ടികൾ ഇത്തരത്തിൽ വൻലാഭം കൊയ്യാനുള്ള മറ്റൊരു വേദിയാണ്. 'മാന്യന്മാരും' സമ്പന്നരുമായ ഉപഭോക്താക്കൾക്ക് സാധാരണ ഉപഭോക്താക്കളെക്കാളും പത്തിരട്ടി ലാഭത്തിന് വിൽക്കാൻ സാധിക്കുന്ന സാഹചര്യം, നക്ഷത്ര ഹോട്ടലുകളിൽ റെയ്ഡ് നടക്കാനുള്ള സാധ്യതക്കുറവ് എന്നിങ്ങനെ വിഐപി ലഹരി വിൽപന മോഡലിംഗ്-സിനിമ മേഖലകളിലും മറ്റും നിലനിൽക്കുന്നുണ്ട്. ഒരു തലമുറയെ മുഴുവൻ നശിപ്പിക്കുകയാണ് ഈ അവിശുദ്ധകൂട്ടുകെട്ട്. നാടിന്റെ നാളെയുടെ നായകരാവേണ്ടവരെ ഷണ്ഡീകരിച്ച് ലാഭക്കൊതിയന്മാരായ രാക്ഷസന്മാർ നാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത മറന്നുപോകരുത്.

പലരും ഇത്തരം കേസുകളിൽ പിടിക്കപ്പെടുമ്പോഴാണ് അവരുടെ കുടുംബക്കാരും സുഹൃത്തുക്കളും നാട്ടുകാരുംവരെ വിവരം അറിയുന്നത്. അതുകൊണ്ട്തന്നെ ഈ മാരകവിപത്തിനെതിരെ ശക്തമായ ബോധവത്കരണവും ചെറുത്തുനിൽപും അനിവാര്യമാണ്. ഏതുതരം ലഹരിയും മനുഷ്യന്റെ നാശത്തിന് മാത്രമെ ഹേതുവാകൂ എന്ന തിരിച്ചറിവ് മുഴുവൻ ജനങ്ങൾക്കും ഉണ്ടാവേണ്ടതുണ്ട്. ആഘോഷവേളകളിൽ കൂടുതൽ മദ്യം വിൽക്കാനും ബസ്സ്റ്റാന്റുകളിൽ പോലും മദ്യശാലകൾ തുടങ്ങാനും വ്യഗ്രത കാട്ടുന്ന സർക്കാർ എങ്ങനെ ആത്മാർത്ഥമായി ലഹരിമുക്ത കേരളത്തിനായി പരിശ്രമിക്കും എന്നത് ഒരു ചോദ്യമാണ്.

മയക്കുമരുന്ന് ഉപയോഗം പാടെ ഇല്ലാതാക്കുവാൻ സർക്കാരിനുകീഴിൽ 'വിമുക്തി' എന്ന പദ്ധതി നിലവിലുണ്ടെന്ന കാര്യം ഓർക്കുക!

### വിമുക്തി

മദ്യവർജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കുകയും ലക്ഷ്യമിട്ടാണ് വിമുക്തി എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപംനൽകിയിട്ടുള്ളത്.

### ലക്ഷ്യം

സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ടുവരിക, ലഹരിവസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുക എന്നിവയാണ് പ്രധാനമായും വിമുക്തി മിഷനിലൂടെ ലക്ഷ്യമിടുന്നത്. സ്കൂളുകളിലെയും കോളേജുകളിലെയും ലഹരിവിരുദ്ധ ക്ലബ്ബുകൾ, എസ്പിസി, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർഥി, യുവജന, മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി വിദ്യാർഥി-യുവജനങ്ങളെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപക ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് 'വിമുക്തി'യുടെ ലക്ഷ്യം.

### സംഘാടനം

ബഹു. മുഖ്യമന്ത്രി ചെയർമാനും, എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായ സംസ്ഥാന ഗവേണിംഗ് ബോഡിയും; എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.



ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വൈസ് ചെയർമാനുമായ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും; തുടർന്ന് ബ്ലോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്ചെയർമാനും, സെക്രട്ടറി കൺവീനറുമായ സമിതിയും; വാർഡ്തലത്തിൽ പൗരമുഖ്യൻ ചെയർമാനും, വാർഡ് മെമ്പർ കൺവീനറുമായ സമിതിയും ഇതിനായി രൂപീകരിക്കേണ്ടതുണ്ട്.

**പ്രവർത്തനം**

സാമൂഹികമായ ക്രിയാത്മക ചുവടുവയ്പുകൾ, സംസ്ഥാനതല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ചുതുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, ലഹരി ഉത്പന്നങ്ങളുടെ ലഭ്യതയും വിപണവും ഇല്ലാതാക്കൽ, പുനരധിവാസം എന്നീ പ്രവർത്തനങ്ങളാണ് വിമുക്തിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

താഴെ തലംമുതൽ മുകൾത്തട്ടുവരെ ലഹരി വിമോചന ശ്രമങ്ങളുമായി സംസ്ഥാനത്ത് വിമുക്തി സമിതികൾ ഉണ്ട്. ഇത് എത്ര ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നത് സർക്കാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സഗൗരവം വിചിന്തനം നടത്തേണ്ടതുണ്ട്. നമ്മുടെ നാടിനെ കാർന്നുതിന്നുന്ന ഈ മഹാവിപത്തിനെതിരെ ശക്തമായ ജനകീയ ചെറുത്തുനിൽപ് അത്യന്താപേക്ഷിതമാണ്. സാങ്കേതിക വിദ്യയുടെ സാന്നിധ്യം ഓരോ മനുഷ്യനെയും തികച്ചും ഒറ്റപ്പെട്ടവനാക്കിയിരിക്കുന്നു എന്ന യാഥാർഥ്യം നാം മറന്നുപോകരുത്. ഈ സാഹചര്യം മുതലെടുത്താണ് ലഹരി മാഫിയകൾ നമ്മുടെ കുട്ടികളെ വലയിലാക്കുന്നത്; ഘട്ടം ഘട്ടമായി അവരെ ലഹരിക്കടിമകളാക്കുകയും ജീവിതം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത്.

ഓരോ രക്ഷിതാവും കുടുംബവും സമൂഹവും മത, രാഷ്ട്രീയ, സാംസ്കാരിക സംഘടനകളുമെല്ലാം തങ്ങളുടെ ഭാഗധേയം ഉത്തരവാദിത്തബോധത്തോടെയും ഗൗരവത്തോടെയും നിർവഹിക്കേണ്ടതുണ്ട്. മത, ജാതി, വർഗ, വർണ, ദേശ വ്യത്യാസമന്യെ ഒരു തലമുറയെ ഷണ്ഡീകരിക്കാനുള്ള ശ്രമങ്ങൾക്കു നേരെ കണ്ണടക്കുക എന്നത് സ്വയം നാശത്തിലേക്കുള്ള പ്രയാണമാവും. ലഹരിവിമുക്തമായ ഒരു നാട് എന്നത് സാധ്യമാവണമെങ്കിൽ ഓരോരുത്തരും അവരവരുടെതായ ഉത്തരവാദിത്തം നിർവഹിക്കണം. ലഹരി വിമുക്തി മുദ്രാവാക്യം മുഴക്കുകയും അതേസമയം മദ്യത്തെ ഏറ്റവും പ്രധാനമായ വരുമാനമാർഗമായി കാണുകയും ചെയ്യുന്ന സർക്കാരിന് ഈ രംഗത്ത് എത്രമേൽ ആത്മാർഥതയുണ്ടാവുമെന്നത് ആലോചനീയമാണ്.

> **“ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ വിമുക്തി കേന്ദ്രങ്ങൾ കൂടാതെ വിവിധ മത, സാമൂഹിക, സാംസ്കാരിക സംഘടനകളുടെ കീഴിലും ലഹരിയെന്ന വിപത്തിൽ നിന്ന് മോചന നേടാൻ ആഗ്രഹിക്കുന്നവർക്കും കുടുംബങ്ങൾക്കും ആശ്വാസമായി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉറച്ചതീരുമാനവും കൃത്യമായ ജീവിതക്രമീകരണങ്ങളും അതിലെല്ലാമുപരി ജീവിത ലക്ഷ്യത്തെക്കുറിച്ചുള്ള തിച്ചറിവും ബോധ്യവും ഉണ്ടെങ്കിൽ ലഹരിയെന്ന മാരക വിപത്തിനെ ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി തൂത്തെറിയാൻ സാധിക്കും. ബഹുഭൂരിപക്ഷം പേരും ലഹരിയുടെ ദുരന്തങ്ങളെക്കുറിച്ച് ബോധ്യമില്ലാതെയോ ചതിയിൽ അകപ്പെട്ടോ ഈ ദുരന്തത്തിന്റെ ഇരകളായി മാറുകയാണ് എന്നതാണ് യാഥാർഥ്യം. ”**

ലഹരി എന്നത് ഒരു സാമൂഹിക ദുരന്തമാണ്. അതിന് മറ്റേതെങ്കിലും മാനം നൽകുന്നത് അവിവേകവും. ഓരോ നാടും സ്ഥാപനങ്ങളും ഭരണകൂടവും ഈ സാമൂഹിക ദുരന്തത്തിനെതിരെ ശക്തമായ ജാഗ്രത പുലർത്തിയേതീരൂ. പുതുതലമുറയെ ഭ്രാന്തന്മാരാക്കാനുള്ള കുത്സിത ശ്രമങ്ങൾ നടക്കുന്നത് കണ്ടില്ലെന്ന് നടിക്കാവതല്ല.

വല്ലപ്പോഴും പിടിക്കപ്പെടുന്ന ചെറിയ മീനുകളെക്കാൾ വമ്പൻ സ്രാവുകളെ അകത്താക്കാനാണ് ശ്രമിക്കേണ്ടത്. ചെറിയ നിയമലംഘനങ്ങൾക്ക് പോലും പിഴചുമത്താൻ വ്യഗ്രത കാണിക്കുന്ന നിയമപാലകർ നാട്ടിൽ നിർബാധം നടക്കുന്ന ഇത്തരം ക്രൂരകൃത്യങ്ങളെ കണ്ടില്ലെന്നു നടിച്ചുകൂടാ.

## നാസ്തികരുടെ ദയനീയാവസ്ഥ

സർവതന്ത്ര സ്വതന്ത്രരാവാൻ വെമ്പൽകൊള്ളുന്ന നാസ്തികരും ലഹരിക്കെതിരെ ഒന്നും ഉരിയാടാനാവാതെ സ്തംഭിച്ചു നിൽക്കുകയാണ്. എന്തു പറഞ്ഞ് അവരെ തിരുത്തും, എന്തടിസ്ഥാനത്തിൽ അത് തെറ്റാണെന്ന് പറയും എന്ന ആശയദാരിദ്ര്യം ഈ അവിവേകികളെ എന്നും വേട്ടയാടിക്കൊണ്ടിരിക്കും. സ്വതന്ത്ര ചിന്തയുടെ വഴിയെ ലഹരിയുടെയും സാമൂഹ്യദ്രോഹികളുടെയും അഴുക്കുചാലിലേക്ക് വഴുതിവീഴുകയാണ് പലരും. അവരുടെ അവസ്ഥയോർത്ത് സഹതാപമേയുള്ളൂ. ആരെങ്കിലും നശിക്കണമെന്ന് സന്മനസ്സുകൾ ഒരിക്കലും ആഗ്രഹിക്കുകയില്ല, നന്നാവണമെന്നേ ആഗ്രഹിക്കൂ. എന്നെയാരും ഉപദേശിക്കേണ്ട, നിയമങ്ങളുടെ ചട്ടക്കൂട്ടിൽ തളച്ചിടാൻ നോക്കേണ്ട എന്നൊക്കെ അവിവേകം വിളമ്പുന്നവർ തങ്ങൾക്ക് ചുറ്റും നടക്കുന്ന ക്രൂരതകളും ദുരന്തങ്ങളും കാണണം എന്ന് അഭ്യർഥിക്കുന്നു. മനുഷ്യൻ സർവതന്ത്ര സ്വതന്ത്രനല്ല; അങ്ങനെ ആവാനും സാധ്യമല്ല. സമൂഹത്തിന്റെ അനിവാര്യമായ കണ്ണികളാണ് ഓരോരുത്തരും. അതുകൊണ്ട് തന്നെ നമ്മുടെ മുഴുവൻ ഇടപെടലുകളും സമൂഹത്തിൽ പ്രതിഫലിക്കും. അതിനാൽ എല്ലാവർക്കും സഹായകമാവുന്ന, പൊതുനന്മയിൽ അധിഷ്ഠിതമായ നിയമങ്ങൾ അംഗീകരിച്ച് ജീവിക്കുകയാണ് വിവേകം. ഇല്ലെങ്കിൽ മനുഷ്യരില്ലാത്ത ഏതെങ്കിലും ദ്വീപിൽ പോയി സ്വാതന്ത്ര്യലോകം പണിയുകയാണ് അത്തരക്കാർ ചെയ്യേണ്ടത്. സക്രിയമായ ഒരു സാമൂഹിക സാഹചര്യത്തെ തകർത്തിക്കളയരുത്.



## ലഹരിയും ഇസ്‌ലാമും

ലഹരി വർജിക്കുവാൻ ശക്തമായ ആഹ്വാനം നൽകുന്ന മതമാണ് ഇസ്‌ലാം. വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും ഈ വിപത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

"പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽനിന്ന്) വിരമിക്കുവാൻ ഒരുക്കമുണ്ടോ?'' (ക്വുർആൻ 5:91).

"ലഹരിയുണ്ടാക്കുന്നതെല്ലാം 'ഖംറ്' ആണ്, എല്ലാ ലഹരിയുണ്ടാക്കുന്നതും നിഷിദ്ധവുമാണ്," "ലഹരിയുണ്ടാക്കുന്നത് കുറച്ചാണെങ്കിലും നിഷിദ്ധമാണ്" തുടങ്ങിയ പ്രവാചക വചനങ്ങളും പരലോകത്ത് അവർക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും ഈ വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതാണ്.

നാശത്തിലേക്ക് നയിക്കുന്ന, ജീവനും സ്വത്തും അഭിമാനവും നഷ്ടമാകുന്ന ലഹരിയുടെ വാതിൽ കൊട്ടിയടക്കാനുള്ള ആർജവവും വിവേകവും എല്ലാവർക്കും ഉണ്ടാവണം.

## ലഹരി; വിമോചനം സാധ്യമാണ്

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ വിമുക്തി കേന്ദ്രങ്ങൾ കൂടാതെ വിവിധ മത, സാമൂഹിക, സാംസ്കാരിക സംഘടനകളുടെ കീഴിലും ലഹരിയെന്ന വിപത്തിൽനിന്ന് മോചന നേടാൻ ആഗ്രഹിക്കുന്നവർക്കും കുടുംബങ്ങൾക്കും ആശ്വാസമായി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉറച്ചതീരുമാനവും കൃത്യമായ ജീവിതക്രമീകരണങ്ങളും അതിലെല്ലാമുപരി ജീവിത ലക്ഷ്യത്തെക്കുറിച്ചുള്ള തിച്ചറിവും ബോധ്യവും ഉണ്ടെങ്കിൽ ലഹരിയെന്ന മാരക വിപത്തിനെ ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി തൂത്തെറിയാൻ സാധിക്കും. ബഹുഭൂരിപക്ഷം പേരും ലഹരിയുടെ ദുരന്തങ്ങളെക്കുറിച്ച് ബോധ്യമില്ലാതെയോ ചതിയിൽ അകപ്പെട്ടോ ഈ ദുരന്തത്തിന്റെ ഇരകളായി മാറുകയാണ് എന്നതാണ് യാഥാർഥ്യം. അതുകൊണ്ട്തന്നെ അവരെ വെറുക്കുന്നതിലും ഒറ്റപ്പെടുത്തുന്നതിലും അർഥമില്ല. അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരൻ നമുക്ക് കൈകോർക്കാം. സാമൂഹിക പ്രതിബദ്ധതയും സന്മനസ്സും ദൈവപ്രീതി കാംക്ഷിച്ചുള്ള ഇടപെടലും നമുക്കുണ്ടെങ്കിൽ നാടിനെ ഈ ദുരന്തത്തിൽനിന്നും കരകയറ്റാം.




കാഴ്ച

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com

# രക്തദാനം മഹാദാനം

"രക്തദാന ക്യാമ്പ് നാളെത്തന്നെയല്ലേ? എത്രസമയംവരെ രക്തം ദാനംചെയ്യാൻ ആളുകൾക്ക് എത്താം?" വർഷങ്ങൾക്ക് മുമ്പ് മുജാഹിദ് യുവജന സംഘടനയുടെ കീഴിൽ സംഘടിപ്പിച്ച മേഖലാ രക്തദാന ക്യാമ്പിന്റെ തലേന്ന് രാത്രി വന്ന ഈ ഫോൺവിളി ഇന്നും കാതുകളിലുണ്ട്. 'എന്റെ കുറച്ച് സുഹൃത്തുക്കളെയും കൂട്ടി ഞാൻ നേരത്തെ തന്നെ എത്താം' എന്നു പറഞ്ഞ് അദ്ദേഹം സംസാരം അവസാനിപ്പിച്ചു.

തന്റെ വാഹനത്തിൽ സുഹൃത്തുക്കളെയും കൂട്ടി അയാൾ രാവിലെ ഒമ്പത് മണിക്കുതന്നെ എത്തി. ജാതി, മത, കക്ഷി രാഷ്ട്രീയ ഭേദമന്യെ നൂറോളം യുവാക്കൾ രക്തദാനത്തിൽ പങ്കാളികളായി. രണ്ട് മണിയോടെ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽനിന്നും രക്തദാന ക്യാമ്പിലേക്ക് വന്ന സംഘത്തെ യാത്രയാക്കിയപ്പോഴും അയാൾ പോയിട്ടില്ല. സംഘാടകർ ഒഴികെ ബാക്കിയെല്ലാവരും പോയിട്ടും ആ സുഹൃത്ത് പോകുന്നില്ല. എന്റെ അടുത്തെത്തി രക്തദാന ക്യാമ്പിന്റെ മുഴുവൻ ചെലവ് എത്രയാണെന്ന് രഹസ്യമായി ചോദിച്ചു. ചെലവുകൾ ഉണ്ടെങ്കിലും അതൊക്കെ ക്യാമ്പിന് മുമ്പുതന്നെ ദൈവത്തിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് പലരും സ്പോൺസർ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചപ്പോൾ സുഹൃത്തിന്റെ മുഖം വാടി.

"ഈ ക്യാമ്പിന്റെ മുഴുവൻ ചെലവുകളും വഹിക്കാൻ ഞാൻ നേരത്തെതന്നെ ഉദ്ദേശിച്ചിരുന്നു. അത് സംഘാടകരോട് പറയാൻ എനിക്ക് സാവകാശം കിട്ടിയില്ല" എന്ന് അയാൾ നിരാശയോടെ പറഞ്ഞത് ശരിക്കും ആശ്ചര്യപ്പെടുത്തി. തുടർന്നുള്ള സംസാരത്തിൽനിന്നാണ് കാര്യങ്ങൾ വ്യക്തമായത്. അദ്ദേഹത്തിന്റെ പിതാവ് ആഴ്ചയിൽ രണ്ടുതവണവീതം ഡയാലിസിസ് നടത്തിയിരുന്ന കിഡ്നി രോഗിയായിരുന്നു. ഡയാലിസിസിന് പോകുമ്പോൾ രക്തം എടുക്കാൻ ആളെയും കൂട്ടിയായിരുന്നു പോയിരുന്നത്. ഗവ. ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽനിന്നും രക്തം ലഭിക്കുന്നതിനുള്ള കാർഡ് ഞങ്ങളുടെ ഓഫീസിൽ ഉണ്ടെന്നറിഞ്ഞ് ഒരു രാത്രിയിൽ വന്ന് കാർഡ് വാങ്ങിയത് അദ്ദേഹം പറയുമ്പോഴാണ് ഓർമ വന്നത്. ഇടക്ക് ഫോൺ വിളിച്ച് കാർഡ് വേണമെന്നറിയിക്കും. അദ്ദേഹമോ സുഹൃത്തുക്കളോ വന്ന് കാർഡ് കൈപ്പറ്റും. പിന്നെ ആ വിളികൾ നിലച്ചു. കാർഡ് വാങ്ങാൻ വരാതെയായി. കാർഡിന് ബദൽ സംവിധാനം ലഭിച്ചിരിക്കും എന്ന് ഞങ്ങൾ ധരിച്ചു. എന്നാൽ പിതാവ് മരിച്ചതുകൊണ്ടാണ് കാർഡ് വാങ്ങാൻ പിന്നീട് വരാതിരുന്നതെന്ന് സംസാരത്തിൽനിന്നും മനസ്സിലായി.

രക്തദാനത്തിനുള്ള ആളെ സംഘടിപ്പിക്കാനുള്ള ബുദ്ധിമുട്ട് വർഷങ്ങളോളം അനുഭവിച്ച അദ്ദേഹത്തിന് ഓഫീസിൽനിന്നും ലഭിച്ചിരുന്ന രക്തത്തിനുള്ള കാർഡുകൾ വലിയ ആശ്വാസമായിരുന്നു. അതുകൊണ്ടാണ് ക്യാമ്പിന്റെ മുഴുവൻ ചെലവും വഹിക്കാൻ അദ്ദേഹത്തെ അനുവദിക്കണം എന്ന് ഞങ്ങളോട് ആവശ്യപ്പെട്ടത്. കാശ് വാങ്ങണമെന്ന് അദ്ദേഹം ശാഠ്യം പിടിച്ചപ്പോൾ ഭാരവാഹികളുമായി ആലോചിച്ച് കുറച്ച് തുക സ്വീകരിച്ച് അപ്പോൾ തന്നെ റസീപ്റ്റും നൽകി. തുടർന്ന് നടത്തിയ രക്തദാന ക്യാമ്പിലും അദ്ദേഹത്തിന്റെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു.

രക്തദാനം ലളിതമാണ്. 18-50 വയസ്സുള്ള, 50 കിലോഗ്രാമിലധികം തൂക്കമുള്ള, സ്ഥിരമായി മരുന്ന് കഴിക്കാത്ത, സ്ത്രീകളടക്കമുള്ള ആർക്കും രക്തദാനം നടത്താം. മനുഷ്യശരീരത്തിൽ 4.5 മുതൽ 5 ലിറ്റർവരെ രക്തമുണ്ട്. 350-450 മില്ലിലിറ്റർ രക്തമാണ് ഒരു തവണ ദാനം ചെയ്യുന്നത്. ഇതിന് 20 മിനുട്ട് സമയമെ വേണ്ടതുള്ളൂ. ഇത് ശരീരത്തിന് പ്രയാസമുണ്ടാക്കില്ല. നഷ്ടപ്പെട്ട രക്തം ശരീരം 24 മണിക്കൂറിനുള്ളിൽ വീണ്ടെടുക്കും. നാം അറിയാത്ത, നമ്മെ അറിയാത്ത, ഒരു രോഗിക്ക് ആ രക്തം ആശ്വാസം നൽകിയേക്കാം എന്നത് നാം മറക്കാതിരിക്കുക.

ശാഹുൽ പാലക്കാട്
shahulhamidkamba@Gmail.com

ലേഖനം



# ദൈവത്തിന്റെ തെളിവും ജ്ഞാനമാർഗ രീതിയും

2

**പൊ**തുവിൽ ദൈവത്തിന് തെളിവ് സമർഥിക്കുന്ന തത്ത്വശാസ്ത്ര യുക്തികളിൽനിന്നും വിഭിന്നമായ നിലപാട് സ്വീകരിച്ച ഇസ്‌ലാമിക ചിന്തകനാണ് ഇബ്നു തൈമിയ്യ(റഹി). ദൈവത്തിന് ശാസ്ത്രത്തിന്റെയോ തത്ത്വശാസ്ത്രത്തിന്റെയോ തെളിവുകളുടെ പിൻബലം വേണമെന്ന് വാദിക്കുമ്പോൾ ആദ്യത്തിൽ തെളിവില്ലാത്തതും പിന്നീട് തെളിയിക്കപ്പെടേണ്ടതുമാണ് ദൈവമെന്ന് വരുന്നു. ഇങ്ങനെ തത്ത്വശാസ്ത്ര യുക്തിയെ ആശ്രയിച്ച് ദൈവം സ്ഥാപിക്കപ്പെടണമെന്ന ചിന്തക്കുതന്നെ ഇബ്നു തൈമിയ്യ എതിരായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട മൂന്നു കൃതികൾ ദൈവവുമായി ബന്ധപ്പെട്ട ഈ ജ്ഞാനശാസ്ത്ര രീതികളെ അവലോകനം ചെയ്യുന്നതാണ്.

അരിസ്റ്റോട്ടിലിയൻ ഗ്രീക്ക് തത്ത്വചിന്തകളെ അടിസ്ഥാനമാക്കിയുള്ള ജ്ഞാനമാർഗ യുക്തികളെ ഈ കൃ

തികളിലൂടെ അദ്ദേഹം വിമർശന വിധേയമാക്കിയിട്ടുള്ളതായി കാണാം. വാസ്തവത്തിൽ സംശയവാദത്തിൽനിന്നാണ് ഒന്നിനു തെളിവ് തേടേണ്ടി വരുന്നത്. എന്നാൽ പ്രാഥമികമായി യുക്തി സംശയിക്കപ്പെടേണ്ടതോ, പ്രത്യേകിച്ച് തെളിവ് അനിവാര്യമായതോ അല്ല എന്നതാണ് ഈ കൃതികളിലൂടെയെല്ലാം ഇബ്നു തൈമിയ്യ പ്രകടിപ്പിക്കുന്ന നിലപാട്.[14]

അദ്ദേഹം അറിവുകളെ തന്നെ രണ്ടായി തരംതിരിക്കുന്നു. ഒന്ന് ജ്ഞാനേന്ദ്രിയങ്ങൾ വഴി മനുഷ്യൻ ആർജിച്ചെടുക്കുന്ന അറിവെന്നും (Ilm Muktasab) രണ്ടാമത്തേത് മനുഷ്യനിൽ നൈസർഗികമായിത്തന്നെ ഉള്ളടങ്ങിയ അറിവെന്നും (Ilm Daruri). ഇതിൽ ആദ്യത്തേത് മനുഷ്യന്റെ ബൗദ്ധികശേഷിയുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. എന്നാൽ ഈ ബൗദ്ധികശേഷിയെ സന്ദേഹവാദത്തോടെ സമീപിച്ചാൽ അത് പൂർണമായും വിശ്വാസയോഗ്യമല്ലെന്ന് തീർച്ചയായും വാദിക്കാമെന്ന് നാം കണ്ടതാണ്. അതിനാൽ മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങളെയോ ബൗദ്ധികശേഷിയെയോ യാഥാർഥ്യമറിയാനുള്ള ആത്യന്തിക മാനദണ്ഡങ്ങളായി സ്വീകരിക്കാൻ കഴിയില്ല. കൂടാതെ മനുഷ്യനെ ചില കപടയുക്തികൾ ആവർത്തിച്ച് പറയുന്നതിലൂടെ യാഥാർഥ്യബോധത്തിൽനിന്നും കബളിപ്പിക്കാനും കഴിയുന്നു. ഭൂമിയുടെ ശരിയായ ആകൃതി പരന്നതാണെന്നും നാസ അടക്കമുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ എന്തിനൊക്കെയോ വേണ്ടി മനുഷ്യരെ ഒന്നടങ്കം വഞ്ചിക്കുകയാണെന്നും ചില അന്യഗ്രഹ ജീവികളാണ് ലോകം ഭരിക്കുന്നതെന്നും തുടങ്ങി ചുറ്റുപാടുകൾ തന്നെ യാഥാർഥ്യമല്ലെന്നും എല്ലാം മിഥ്യയാണെന്നുംവരെ വിശ്വസിക്കുന്ന മനുഷ്യരുണ്ട്. ഇത് തെളിയിക്കുന്നത് ചില സന്ദേഹവാദങ്ങളെ മനുഷ്യനിൽ ആവർത്തിച്ച് കുത്തിവെച്ചാൽ യാഥാർഥ്യബോധത്തിൽനിന്നും അവരെ വ്യതിചലിപ്പിക്കാൻ കഴിയുമെന്നാണ്. നിരീശ്വരവാദം മനുഷ്യനിലേക്ക് ഇൻജക്റ്റ് ചെയ്യപ്പെടുന്നതും സമാന മനഃശാസ്ത്രം ഉപയോഗിച്ചുതന്നെയാണ്. അഥവാ യുക്തിവാദമെന്ന പേരിൽ ചില ദുർബല ന്യായങ്ങളും അബദ്ധവാദങ്ങളും ആവർത്തിച്ച് കുത്തിവെക്കുന്നതിൽനിന്നു മാത്രമാണ് ദൈവനിഷേധികൾ ഉണ്ടാകുന്നത്. ചരിത്രപരമായി ഒരു നാസ്തിക ഭൂരിപക്ഷ നാഗരികതയോ സംസ്കാരമോ ഇല്ലാതിരുന്നതിന്റെ അടിസ്ഥാന കാരണവും അതാണ്.

ദൈവാസ്തിത്വത്തെ സംബന്ധിച്ച ബോധ്യം മനുഷ്യന്റെ യഥാർഥ്യബുദ്ധിയിൽനിന്നും ഉണ്ടാകുന്നതാണ് എന്നതുകൊണ്ടുതന്നെ കൃത്രിമമായ പ്രോപ്പഗണ്ടകൾ മനുഷ്യനിൽ പയറ്റിയല്ലാതെ നാസ്തികരെ ഉണ്ടാക്കാൻ പറ്റില്ല. ഇന്റർനെറ്റിന്റെ വ്യാപനം വലിയതോതിലുള്ള മതപരിത്യാഗത്തിനും നാസ്തിക മുന്നേറ്റങ്ങൾക്കും കാരണമാകുന്നുവെന്ന് വലിയവായിൽ വീമ്പുപറയുന്ന നിരീശ്വര ബുദ്ധിജീവികൾ വാസ്തവത്തിൽ ഇതിന്റെ മനഃശാസ്ത്ര യാഥാർഥ്യം അറിയാത്തവർ കൂടിയാണ്. ഭൂമി പരന്നതാണെന്ന് വിശ്വസിക്കുന്ന വലിയൊരു ശതമാനത്തെ ആ ചിന്താഗതിയിലേക്ക് എത്തിച്ചത് യൂട്യൂബ് വീഡിയോകൾ ആണെന്നാണ് പ്രൊഫ. ആഷ്‌ലി ലാൻഡ്യത്തിന്റെ നേതൃത്വത്തിൽ നടന്ന പഠനങ്ങൾ പറയുന്നത്.[15] യൂട്യൂബ് മാത്രമല്ല പൊതുവിൽ സോഷ്യൽ മീഡിയകളിൽനിന്നുണ്ടാകുന്ന പ്രധാന ആധുനിക പ്രതിസന്ധി അവയുപയോഗിച്ച് പ്രചരിപ്പിക്കപ്പെടുന്ന വ്യാജവാർത്തകളും പ്രോപ്പഗണ്ടകളുമാണ്. ഇത്തരം സംവിധാനങ്ങൾ ഉപയോഗിച്ച് യാഥാർഥ്യത്തിൽ വിശ്വാസമില്ലാത്ത മന്ദബുദ്ധികൾ സൃഷ്ടിക്കപ്പെടുന്നപോലെ മാത്രമെ നാസ്തികരും ഉണ്ടാകുന്നുള്ളൂ. പ്രത്യേകിച്ച് വലിയ സാമ്പത്തിക പിന്തുണകൂടി ഉണ്ടെങ്കിൽ സ്റ്റേജ് കെട്ടിയും വീഡിയോ പിടിച്ചും യൂട്യൂബ് ചാനൽ തുടങ്ങിയും ഏത് സമൂഹത്തിന് ഇടയിലേക്കും

**“ദൈവാസ്തിത്വത്തെ സംബന്ധിച്ച ബോധ്യം മനുഷ്യന്റെ യഥാർഥ്യബുദ്ധിയിൽനിന്നും ഉണ്ടാകുന്നതാണ് എന്നതുകൊണ്ടുതന്നെ കൃത്രിമമായ പ്രോപ്പഗണ്ടകൾ മനുഷ്യനിൽ പയറ്റിയല്ലാതെ നാസ്തികരെ ഉണ്ടാക്കാൻ പറ്റില്ല. ഇന്റർനെറ്റിന്റെ വ്യാപനം വലിയതോതിലുള്ള മതപരിത്യാഗത്തിനും നാസ്തിക മുന്നേറ്റങ്ങൾക്കും കാരണമാകുന്നുവെന്ന് വലിയവായിൽ വീമ്പുപറയുന്ന നിരീശ്വര ബുദ്ധിജീവികൾ വാസ്തവത്തിൽ ഇതിന്റെ മനഃശാസ്ത്ര യാഥാർഥ്യം അറിയാത്തവര് കൂടിയാണ്. ഭൂമി പരന്നതാണെന്ന് വിശ്വസിക്കുന്ന വലിയൊരു ശതമാനത്തെ ആ ചിന്താഗതിയിലേക്ക് എത്തിച്ചത് യൂട്യൂബ് വീഡിയോകൾ ആണെന്നാണ് പ്രൊഫ. ആഷ്‌ലി ലാൻഡ്വത്തിന്റെ നേതൃത്വത്തിൽ നടന്ന പഠനങ്ങൾ പറയുന്നത്.”**

ഈ രീതിക്ക് സംശയ ചിന്തകളെ ഇൻജക്റ്റ് ചെയ്യാനാകും.

കേരളത്തിൽ പല പേരുകളിലും അറിയപ്പെടുന്ന നാസ്തിക പ്രചാരണ സംഘങ്ങളുടെ നിലവാരവും ഇതൊക്കെത്തന്നെയാണ്. ഇന്റർനെറ്റ് എന്ന ആധുനിക സംവിധാനത്തെ ഉപയോഗിച്ച് ഗൂഢാലോചനാസിദ്ധാന്തക്കാർ യാഥാർഥ്യലോകത്തെ സംബന്ധിച്ച് സാധാരണക്കാരിൽ സംശയമുണ്ടാക്കുകയും മന്ദബുദ്ധികളെ നിർമിക്കുകയും ചെയ്യുന്നപോലെത്തന്നെയാണ് ചില ആവർത്തിച്ചുള്ള നുണപ്രചാരണങ്ങളിലൂടെ ഈ നാസ്തികസംഘങ്ങൾ കുറച്ച് ദൈവസംശയരോഗികളെ ഉണ്ടാക്കുന്നത്. മനുഷ്യന്റെ ബൗദ്ധികശേഷിയെ കബളിപ്പിക്കാമെന്നതിന് വ്യക്തമായ കുറച്ച് ഉദാഹരണങ്ങളാണിവ. ഇബ്നു തൈമിയ്യയുടെ അഭിപ്രായത്തിൽ തെറ്റാകാവുന്ന, എന്നാൽ ആർജിച്ചെടുക്കുന്ന അറിവെന്ന് ഇതിനെ പറയാം. സകല അറിവുകളും ആശ്രയിച്ച് നിലനിൽക്കുന്ന യാഥാർഥ്യത്തെ സംബന്ധിച്ച മനുഷ്യന്റെ പ്രാഥമികവും നൈസർഗികവുമായ അറിവാണ് ഏറ്റവും ആധികാരികമായതെന്നും ഇബ്നു തൈമിയ്യ പറയുന്നു. അത്തരം പ്രാഥമിക യുക്തികൾക്ക് ആർജിച്ചെടുക്കുന്ന ദുർബലമായ ഒരു തെളിവിന്റെയും പിൻബലവും ആവശ്യമില്ല. ഫിത്റിയ്യായ അറിവ് എന്ന് ഇതിനെ അദ്ദേഹം വിശേഷിപ്പിക്കുന്നു. പ്രാഥമികമായ ഈ ബോധത്തിൽനിന്നല്ലാതെ മനുഷ്യന് യാതൊന്നിനെയും ഉൾക്കൊള്ളാനോ അംഗീകരിക്കാനോ കഴിയില്ല. ഇവയ്ക്കുള്ള ചില ഉദാഹരണങ്ങൾ നോക്കാം:

### (A) യാഥാർഥ്യത്തിനുള്ള തെളിവ്


യാഥാർഥ്യമെന്ന് നാം അനുഭവിക്കുന്ന കാര്യങ്ങൾക്ക് എന്താണ് തെളിവെന്നു ചോദിച്ചാൽ ഒന്നുമില്ലെന്നതാണ് വാസ്തവം. തലച്ചോറിലേക്ക് ലഭിക്കുന്ന ചില രൂപത്തിലുള്ള വിവരങ്ങൾ മാത്രമാണ് നമ്മുടെ അനുഭവങ്ങളെ നിർമിക്കുന്നത്. അത് യാഥാർഥ്യത്തിൽനിന്നും നമുക്ക് നേർക്കുനേരെ ലഭിക്കുന്നതോ അതല്ലെങ്കിൽ കൃത്രിമമായി മസ്തിഷ്കത്തിന് നൽകപ്പെടുന്നതോ ആകാം. ചിലപ്പോൾ എല്ലാം ആഴത്തിലുള്ള ഒരു സ്വപ്നാവസ്ഥയാകാം. അതുമല്ലെങ്കിൽ ഉയർന്ന ബുദ്ധിവൈഭവമുള്ള ചില നാഗരിക ജീവികൾ കമ്പ്യൂട്ടർ സിമുലേഷനുകൾക്കകത്ത് നിർമിച്ച ഒരു കൃത്രിമ ബുദ്ധി മാത്രമാകാം നാം. ഇങ്ങനെ നിരവധി സാധ്യതകൾ ഉണ്ടെന്നിരിക്കെ അവയൊന്നും ശരിയല്ലെന്നും ചുറ്റുപാടുകളെ സംബന്ധിച്ച അറിവുകൾ യാഥാർഥ്യമാണെന്നും നാം കരുതുന്നത് തെളിവുകളെ ആശ്രയിച്ചല്ല. മറിച്ച് അത് പ്രാഥമികവും നൈസർഗികവുമായ യുക്തിയാണ്. അതിൽ നിന്നുകൊണ്ടേ പിന്നെ അറിവ് ആർജിക്കാൻ പോലും മനുഷ്യന് കഴിയൂ.

### (B) സംശയിക്കാനുള്ള തെളിവ്

സർവതിനെയും സംശയിക്കണം എന്ന സന്ദേഹവാദ യുക്തിയനുസരിച്ച് ഈ നിലപാടിനെ സ്വയം തന്നെയും സംശയിക്കാമല്ലോ. അതായത് എന്തിനുവേണ്ടി സംശയിക്കണം? സംശയിക്കുന്നത് യാഥാർഥ്യമറിയാനാണ്! എന്നാൽ വസ്തുനിഷ്ഠമായ മറ്റൊരു യാഥാർഥ്യം ഉണ്ട് എന്നതിന് എന്തു തെളിവാണ് പറയാൻ കഴിയുക? അഥവാ സംശയിക്കുകയെന്ന നിലപാട് തന്നെ അതിലൂടെ അറിയാനുള്ള യാഥാർഥ്യമുണ്ടെന്ന അനുമാനത്തിൽ നിന്നുണ്ടാകുന്നതാണ്. ആ അനുമാനത്തിന് സ്വയം തെളിവില്ലതാനും. അപ്പോൾ സംശയവാദത്തിനു തന്നെ തെളിവുകൾക്കന്യമായ ഒരടിസ്ഥാന വിശ്വാസം അനിവാര്യമാണ്.

### (C) സ്വയമുള്ള വിശ്വാസം

നിങ്ങളാരാണെന്ന സ്വയംബോധം സ്വന്തം മസ്തിഷ്കത്തിന്റെതന്നെ അറിവുകളും ഓർമകളുമാണ്. മസ്തിഷ്കപരമായ ഈ വിവരങ്ങളെ ഏതെങ്കിലും തരത്തിൽ പുനഃക്രമീകരിക്കുന്നതുകൊണ്ട് വ്യക്തിയുടെ ആത്മബോധത്തെ തന്നെ കബളിപ്പിക്കാനാകും. ഇങ്ങനെ നിങ്ങൾ ആരാണെന്ന സ്വയംബോധം തന്നെ മിഥ്യയാകാൻ സാധ്യതയുണ്ടെന്നിരിക്കെ അത് മിഥ്യയല്ലെന്ന് എപ്പോഴും കരുതുന്നത് ഒരു തെളിവിനെയും ആശ്രയിച്ചല്ല.



### (D) മറ്റുള്ളവരിലുള്ള വിശ്വാസം

നമുക്ക് സമാനമായ ബോധമുള്ള (Conscious) വ്യക്തികൾതന്നെയാണ് മറ്റുള്ളവരുമെന്ന അറിവ് ഒരിക്കലും തെളിവുകളെ ആശ്രയിച്ചുള്ള ഒന്നല്ല. കാരണം ബോധം സ്വയം അനുഭവിക്കാൻ കഴിയുന്ന ഒന്നു മാത്രമാണ്. മറ്റൊരാളുടെ ബോധം നമുക്കനുഭവിക്കാനോ തെളിയിക്കാനോ കഴിയില്ല.

### (E) പാപത്തിന്റെ തെളിവ്

പരസ്പരബന്ധമില്ലാതെ കിടക്കുന്ന ഏതൊരു നാഗരികതയുടെ ചരിത്രമെടുത്തു നോക്കിയാലും മോഷണവും കൊലയും പാപമാണെന്ന പൊതു ധാരണ അവർക്കിടയിലെല്ലാം നിലനിന്നിരുന്നതായി കാണാം. അഞ്ചു വയസ്സുള്ളൊരു കൊച്ചിനെ കൊല്ലുന്നത് ശരിയാണോയെന്നു ചോദിച്ചാൽ ഏത് രാഷ്ട്രക്കാരനും സംശയലേശമന്യെ ശരിയല്ലെന്നു തന്നെ പറയും. ഈ പാപ-പുണ്യ ചിന്ത മനുഷ്യന്റെ നൈസർഗിക ബോധമായതുകൊണ്ടാണ് അങ്ങനെ.

### (F) ലോജിക്കിലുള്ള വിശ്വാസം

ഏതൊരു കാര്യത്തെയും മനുഷ്യൻ അംഗീകരിക്കുന്നതുതന്നെ ലോജിക്കുമായി തട്ടിച്ചുനോക്കിയാണ്. എന്നാൽ ഈ യുക്തി വാസ്തവമായിരിക്കണം എന്നതിന് തെളിവൊന്നും പറയാൻ കഴിയില്ല. ഉദാഹരണത്തിന്, മൂന്നുകോടി പ്രകാശവർഷങ്ങൾക്കപ്പുറത്ത് നിലനിൽക്കുന്ന ഒരു ഗ്രഹത്തിൽ ഒന്നും ഒന്നും കൂടിച്ചേർന്നാൽ രണ്ടാകുന്നതിന് പകരം മൂന്നാകും എന്ന് ആരെങ്കിലും വാദിച്ചാൽ അത് തെറ്റാണെന്ന് സ്വാഭാവികമായും തന്നെ നമ്മൾ തീർപ്പിലെത്തും. അവിടെ ത്രികോണങ്ങൾക്ക് ചതുർഭുജം ആണെന്നു വാദിച്ചാലും നാം അത് നിഷേധിക്കും. ഇത് പ്രകാശവർഷങ്ങൾക്കപ്പുറത്തെ ഗണിതശാസ്ത്ര സ്വഭാവം നേരിട്ടു നിരീക്ഷിക്കുന്നതിൽ നിന്നെത്തുന്ന തീർപ്പല്ല. മറിച്ച് പ്രാഥമിക യുക്തിയാണ്. അതിന് തെളിവിന്റെ ആവശ്യമില്ല.

ആർജിച്ചെടുക്കുന്ന ഒരു തെളിവും ഇല്ലാതെയും എന്നാൽ സകലതിനെയും ഉൾക്കൊള്ളാൻ പ്രാഥമികമായി മനുഷ്യൻ അംഗീകരിച്ചിരിക്കേണ്ടതുമായ യുക്തിക്ക് ഉദാഹരണങ്ങളാണ് മുകളിൽ പറഞ്ഞവ. ഇൽമുദ്ദരൂരി എന്ന് ഇബ്നുതൈമിയ്യ വിശേഷിപ്പിക്കുന്നത് ഇതിനെയാണ്. മനുഷ്യനിൽ പ്രാഥമികവും നൈസർഗികവുമായി അടങ്ങിയിട്ടുള്ള ഈ അടിസ്ഥാനബോധത്തെ ഉൾക്കൊള്ളാതെ യുക്തിചിന്ത സാധ്യമല്ല. ദൈവാസ്തിത്വത്തെ സംബന്ധിച്ച അറിവും ബോധവും ഈ രീതിക്ക് തന്നെ മനുഷ്യനിൽ ഉള്ളടങ്ങിയ നൈസർഗികതയാണ്. അതിനാൽ പുറത്തുനിന്നും ആർജിച്ചെടുക്കുന്നതോ ബാഹ്യമായ തെളിവുകൾകൊണ്ട് തെളിയിക്കപ്പെടേണ്ടതോ അല്ല ദൈവം, മറിച്ച് ദൈവം സ്വയം തന്നെ തെളിവാണെന്ന (ദലീൽ) അഭിപ്രായം അദ്ദേഹം പങ്കുവെക്കുന്നു.

“ഏതൊരു കാര്യത്തെയും മനുഷ്യൻ അംഗീകരിക്കുന്നതുതന്നെ ലോജിക്കുമായി തട്ടിച്ചുനോക്കിയാണ്. എന്നാൽ ഈ യുക്തി വാസ്തവമായിരിക്കണം എന്നതിന് തെളിവൊന്നും പറയാൻ കഴിയില്ല. ഉദാഹരണത്തിന്, മൂന്നുകോടി പ്രകാശവർഷങ്ങൾക്കപ്പുറത്ത് നിലനിൽക്കുന്ന ഒരു ഗ്രഹത്തിൽ ഒന്നും ഒന്നും കൂടിച്ചേർന്നാൽ രണ്ടാകുന്നതിന് പകരം മൂന്നാകും എന്ന് ആരെങ്കിലും വാദിച്ചാൽ അത് തെറ്റാണെന്ന് സ്വാഭാവികമായും തന്നെ നമ്മൾ തീർപ്പിലെത്തും. അവിടെ ത്രികോണങ്ങൾക്ക് ചതുർഭുജം ആണെന്നു വാദിച്ചാലും നാം അത് നിഷേധിക്കും. ഇത് പ്രകാശവർഷങ്ങൾക്കപ്പുറത്തെ ഗണിതശാസ്ത്ര സ്വഭാവം നേരിട്ടു നിരീക്ഷിക്കുന്നതിൽ നിന്നെത്തുന്ന തീർപ്പല്ല. മറിച്ച് പ്രാഥമിക യുക്തിയാണ്. അതിന് തെളിവിന്റെ ആവശ്യമില്ല.”

മുകളിൽ മനുഷ്യന്റെ നൈസർഗികമായ ബോധത്തിന് പറഞ്ഞ ഉദാഹരണങ്ങൾ നിരീക്ഷിച്ചാൽ അവ യാഥാർഥ്യങ്ങൾക്കനുസരിച്ച് മനുഷ്യരിൽ നിലനിൽക്കുന്ന ബഹിസ്ഫുരണങ്ങളാണെന്ന് (Meaningfal Representation of Realtiy) മനസ്സിലാകും. സകല പ്രപഞ്ചത്തിന്റെയും സൃഷ്ടിപ്പിലും സംവിധാനത്തിലും ദൈവത്തിന്റെ ഉദ്ദേശ്യമുണ്ടെന്ന ബോധവും സമാനമായ യാഥാർഥ്യബോധവും പ്രാഥമിക ബുദ്ധിയുമാണ്. ചരിത്രത്തിൽ മനുഷ്യനാഗരികതകൾ ഏതെടുത്തു പരിശോധിച്ചാലും അവർ ഒരു ദൈവത്തിൽ വിശ്വസിച്ചവരായിരുന്നു എന്നുകാണാം. മനുഷ്യരിൽ ഒന്നടങ്കം ഉള്ളടങ്ങിയിട്ടുള്ള ദൈവബോധത്തിന്റെ തെളിവാണിതെന്നാണ് ഇബ്നുതൈമിയ്യ നിരീക്ഷിക്കുന്നത്. ആധുനികശാസ്ത്രം ഈ ചി

**ജനിച്ചിട്ട് ഏതാനും ദിവസങ്ങൾ മാത്രം കഴിഞ്ഞ ഒരു കുഞ്ഞിന്റെ അടുത്തുനിന്ന് എന്തെങ്കിലും ശബ്ദമുണ്ടാക്കി നോക്കുക. കുഞ്ഞ് ആ ശബ്ദത്തിന്റെ ഉറവിടം അന്വേഷിക്കുന്നതായി കാണാം. ആ ശബ്ദത്തിന് പിന്നിലൊരു കാരണവും അതിനൊരു ഉൽപത്തി കേന്ദ്രവും ഉണ്ടാകണമെന്ന അറിവ് കുഞ്ഞിൽ നൈസർഗികമായിത്തന്നെ ഉള്ളതുകൊണ്ടാണത്. യാഥാർഥ്യങ്ങളെ സംബന്ധിച്ച ഈ അടിസ്ഥാന ബോധ്യങ്ങളെ പോലെത്തന്നെയാണ് ദൈവാസ്തിത്വവും. അത് മനുഷ്യന്റെ പ്രാഥമികമായ അറിവും നൈസർഗികയുക്തിയുമാണ്. ദൈവാസ്തിത്വത്തെ തെളിയിക്കുന്ന മറ്റു തത്ത്വശാസ്ത്രപരമായ വാദങ്ങളെല്ലാം ഈ അടിസ്ഥാനയുക്തിക്ക് ഉപോൽബലകമായി നിലനിൽക്കുന്നവ മാത്രമാണെന്നാണ് ഇബ്നു തൈമിയ്യ(റഹി)യുടെ അഭിപ്രായം. അതിനാൽ ആ നിലയ്ക്ക് അവയെ ഉപയോഗിക്കാവുന്നതുമാണ്.**

ന്തകളെ കൂടുതൽ ശരിവെക്കുകയും ചെയ്യുന്നു. ദൈവം ഇല്ലെന്നാണ് നാസ്തികവാദമെങ്കിൽ നാസ്തികർ തന്നെയില്ലെന്നാണ് ശാസ്ത്രം തെളിയിക്കുന്നത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ഈ രംഗത്തെ പഠനം പ്രശസ്തമാണ്. മനുഷ്യനിൽ ഒന്നടങ്കം ദൈവാസ്തിത്വത്തിലുള്ള ബോധം നൈസർഗികമായി കാണപ്പെടുന്നതാണെന്നും അത് മനുഷ്യന്റെ തന്നെ പ്രാഥമിക യുക്തിയാണെന്നുമാണ് പഠനം തെളിയിക്കുന്നത്.(16)

ഓക്സിടോസിൻ ഹോർമോണുകളുടെ ഉൽപാദനം മനുഷ്യനിൽ ആത്മീയബോധത്തെ സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച ഡ്യൂക്ക് യൂണിവേഴ്സിറ്റിയുടെ പഠനമുണ്ട്.(17) നൈസർഗികമായ യുക്തിക്കനുസരിച്ച് ചിന്തിക്കുന്നത് (Intuitive Thinking) ദൈവവിശ്വാസത്തെ ശക്തിപ്പെടുത്തുന്നുവെന്നാണ് ഹാർവാർഡ് യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗത്തിന്റെ നിരീക്ഷണം.(18) തീർത്തും ആന്തരികമായ പ്രാഥമികബുദ്ധി ദൈവവിശ്വാസമുൾക്കൊള്ളുന്നതാണെന്ന് ഇതെല്ലാം തെളിയിക്കുന്നു. പ്രയാസഘട്ടങ്ങളിലും പ്രതിസന്ധികളിലും സ്വാഭാവികമായും മനുഷ്യൻ ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നുവെന്നതാണ് അംഗീകരിക്കപ്പെടുന്ന മറ്റൊരു വസ്തുത. മരണത്തെ സംബന്ധിച്ച ചിന്ത മനുഷ്യനിൽ ദൈവാസ്തിത്വത്തിലുള്ള വിശ്വാസം വർധിപ്പിക്കുന്നതായി പറയുന്ന നിരവധി പഠനങ്ങളുണ്ട്. ദൈവവിശ്വാസംകൊണ്ട് ആശ്വസിപ്പിക്കപ്പെടുന്ന മനുഷ്യമനഃശാസ്ത്രത്തെയാണ് വാസ്തവത്തിൽ മനുഷ്യനെ മയക്കുന്ന കറുപ്പാണ് മതമെന്നതുകൊണ്ട് കാൾമാർക്സ് ഉദ്ദേശിക്കുന്നത്. ജീവിത ദുരിതങ്ങളിൽ മനുഷ്യൻ സ്വാഭാവികമായിത്തന്നെ ദൈവത്തിൽ വിശ്വാസമർപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. നൈസർഗികമായിത്തന്നെ മനുഷ്യനിൽ ആശ്വാസമായി ദൈവവിശ്വാസം പ്രവർത്തിക്കുന്ന ഈ പ്രകൃതത്തെ മനസ്സിലാക്കിയതുകൊണ്ടാണ് കാൾമാർക്സ് മതത്തെ ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമെന്നും ആത്മാവില്ലാത്ത അവസ്ഥയിലെ ആത്മാവെന്നും വിശേഷിപ്പിച്ചത്. മതവുമായി ബന്ധപ്പെട്ട മനുഷ്യന്റെ സാമൂഹ്യ മനഃശാസ്ത്രത്തെ കേന്ദ്രമാക്കിയുള്ള ഓക്സ്ഫോർഡ് പഠനങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. ജസ്റ്റിൻ ബാരറ്റ് (Justin Barret) ദി ബോൺ ബിലീവേഴ്സ് (The Born Believers) എന്ന പേരിൽ ഒരു പുസ്തകം കൂടി രചിച്ചിട്ടുണ്ട്. മനുഷ്യൻ ജന്മനാതന്നെ ദൈവവിശ്വാസമുൾക്കൊള്ളുന്ന ജീവിയാണെന്നാണ് തെളിവുസഹിതം അദ്ദേഹം ഇതിൽ സമർഥിക്കുന്നത്.

അദ്ദേഹം എഴുതുന്നത് നോക്കുക: "That belief in god begins in childhood and typically continues into adulthood places it in the same class as believing in gravtiy, the continutiy of time, the predictabiltiy of natural laws."

“ഗ്രാവിറ്റിയിലും സമയത്തിന്റെ മുന്നോട്ടുള്ള ചലനത്തിലും പ്രകൃതി നിയമങ്ങളുടെ സ്ഥിരതയിലും വിശ്വസിക്കുന്നപോലെത്തന്നെ ദൈവാസ്തിത്വത്തിലുള്ള അറിവ് ശൈശവത്തിലേ തുടങ്ങുന്നു.”

ജനിച്ചിട്ട് ഏതാനും ദിവസങ്ങൾ മാത്രം കഴിഞ്ഞ ഒരു കുഞ്ഞിന്റെ അടുത്തുനിന്ന് എന്തെങ്കിലും ശബ്ദമുണ്ടാക്കി നോക്കുക. കുഞ്ഞ് ആ ശബ്ദത്തിന്റെ ഉറവിടം അന്വേഷിക്കുന്നതായി കാണാം. ആ ശബ്ദത്തിന് പിന്നിലൊരു കാരണവും അതിനൊരു ഉൽപത്തി കേന്ദ്രവും ഉണ്ടാകണമെന്ന അറിവ് കുഞ്ഞിൽ നൈസർഗികമായിത്തന്നെ ഉള്ളതുകൊണ്ടാണത്. യാഥാർഥ്യങ്ങളെ സംബന്ധിച്ച ഈ അടിസ്ഥാന ബോധ്യങ്ങളെ പോലെത്തന്നെയാണ് ദൈവാസ്തിത്വവും. അത് മനുഷ്യന്റെ പ്രാഥമിക

മായ അറിവും നൈസർഗിക യുക്തിയുമാണ്. ദൈവാസ്തിത്വത്തെ തെളിയിക്കുന്ന മറ്റു തത്ത്വശാസ്ത്രപരമായ വാദങ്ങളെല്ലാം ഈ അടിസ്ഥാനയുക്തിക്ക് ഉപോൽബലകമായി നിലനിൽക്കുന്നവ മാത്രമാണെന്നാണ് ഇബ്‌നു തൈമിയ്യ(റഹി)യുടെ അഭിപ്രായം. അതിനാൽ ആ നിലയ്ക്ക് അവയെ ഉപയോഗിക്കാവുന്നതുമാണ്. ഇബ്‌നു തൈമിയ്യയാണ് ഈ രീതിക്ക് യുക്തിപരമായി ദൈവം വ്യക്തമാണെന്ന് അഭിപ്രായപ്പെട്ടതെങ്കിലും ഇത് കേവലം അദ്ദേഹത്തിന്റേതായ നിർമിതിയല്ല. മറിച്ച് മനുഷ്യന്റെ ശുദ്ധപ്രകൃതം ഏകദൈവ ബോധത്തിൽ അധിഷ്ഠിതമാണെന്ന ചിന്ത ഇസ്‌ലാമിക അധ്യാപനങ്ങളുടെ തന്നെ ഭാഗമാണുതാനും. മനുഷ്യരെല്ലാം ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണെന്നും അവർ വ്യത്യസ്ത ആശയക്കാരാകുന്നത് സോഷ്യൽ കണ്ടീഷനിങ് വഴിയാണെന്നും പ്രവാചകൻ വിശദീകരിക്കുന്ന ഹദീഥുണ്ട്.[19] 'അൽഫിത്വ്‌റ' എന്നാണ് ഈ നൈസർഗികാവസ്ഥയെ ഇസ്‌ലാം വിശേഷിപ്പിക്കുന്നത്. ഇസ്‌ലാം സ്വയംതന്നെയും മനുഷ്യന്റെ ശുദ്ധപ്രകൃതിയുടെ ഭാഗമാണെന്ന് പഠിപ്പിക്കുന്നു; അതിലേക്ക് ക്ഷണിക്കുന്നു.

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല."[20]



ഈ പ്രാഥമികവും നൈസർഗികവുമായ യുക്തിയെയും ഫിത്‌റയെയും നിഷേധിക്കുന്നത് സ്വയം നിഷേധിക്കുന്നതിന് തുല്യമാണ്. കാരണം പ്രാഥമികമായ യുക്തിബോധത്തെ നിഷേധിച്ചുകൊണ്ട് ഒരു ജ്ഞാനാന്വേഷണം തന്നെ സാധ്യമല്ല. അത്തരമൊരു നിലപാട് അങ്ങേയറ്റത്തെ അപഹാസ്യതയാണുതാനും. അതിനാൽ റാഡിക്കൽ സ്‌കെപ്ടിസിസത്തിന്റെ കേവല മസ്തിഷ്‌ക സർക്കസുകൾ കൊണ്ട് പോലും നിഷേധിക്കാൻ കഴിയാത്തവണ്ണം ദൈവാസ്തിത്വം വ്യക്തമാണ്.

## കുറിപ്പുകൾ

14. The most extensive studies undertaken so far of Ibn Taymiyyah's epistemological framework include Carl Sharif ElTobgui, Ibn Taymiyya on Reason and Revelation: A Study of Dartaaru alaql walnaql (Leiden: Brill, 2020), 25376 and, particularly on his conceptualization of the firah, Yasir Kazi [Qadhi], "Reconciling Reason and Revelation in the Writings of Ibn Taymiyya (d. 728/1328): An Analytical Study of Ibn Taymiyya's Dar altaaru " (PhD diss., Yale Universtiy, 2013), 23292. In addition, the significance of Ibn Taymiyyah's ideas within epistemo logical debates on belief in God has been discussed in Jamie B. Turner, "An Islamic Account of Reformed Epistemology, " Philo sophy East and West, December 13, 2019, http://dx.doi.org/10.1353/pew.0.0193 and, previously, in Wael Hallaq, "Ibn Taymiyya on the Existence of God," Acta Orientalia 52 (1991): 66. However, the present essay offers a detailed examination of Ibn Taymiyyah's epistemic approach to atheism with reference to his writings on radical skepticism, which has not been hitherto undertaken.

15. https://www.theguardian.com/science/2019/feb/17/studyblamesyoutube forriseinnumberofflatearthers.

16. https://www.sciencedaily.com/releases/2011/07/110714103828.htm

17. https://www.livescience.com/56208 oxytocinhormonespiritualtiy.html

18. https://www.apa.org/news/press/releases/2011/09/thinkinggod

19. Sahih Muslim 2659/Inbook reference: Book 46, Hadith 40, USCMSA web (English) reference : Book 33, Hadith 6429 (deprecated numbering scheme)

20. Quran 30:30.



ലേഖനം

ടി.പി അബ്ദുൽ ഗഫൂർ, വെള്ളിയഞ്ചേരി
mail@nerpatham.com

# സൃഷ്ടികളുടെ കഴിവ്; പരിധിയും പരിമിതിയും

മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ കേൾവി, കാഴ്ച, കൈകാലുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, മറ്റു കഴിവുകൾ തുടങ്ങിയവ സൃഷ്ടിക്കുന്നത് ആരാണ് എന്നതിനെക്കുറിച്ച് ഇസ്‌ലാമിക ലോകത്ത് മൂന്ന് വീക്ഷണങ്ങളാണ് ഉള്ളത്:

1) എല്ലാം സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. സൃഷ്ടികൾക്ക് ഒരു സ്വാധീനവും ഇല്ല. ജബരിയ്യ എന്ന ബിദ്ഈ കക്ഷിയുടെ (നൂതനവാദികൾ) വാദമാണിത്. കാറ്റിൽ പറക്കുന്ന തൂവൽപോലെ ഒരു സ്വാധീനവും നമുക്ക് നമ്മുടെ പ്രവർത്തിയിൽ ഇല്ല എന്ന ഈ വാദം അഹ്‌ലുസ്സുന്ന അംഗീകരിക്കുന്നില്ല. കാരണം പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാനും ചെയ്യാതിരിക്കാനും കഴിയും.

ഉദാഹരണം; വിറവാതം പിടിപെട്ട ഒരാളുടെ കൈ എപ്പോഴും ചലിച്ചുകൊണ്ടിരിക്കും. അയാളുടെ കൈകൾക്ക് ഒരു സ്വാധീനവും ഇല്ല. എന്നാൽ അങ്ങനെയൊരു രോഗമില്ലാത്തവരുടെ കൈകാലുകൾ ചലിപ്പിക്കുന്നത് അവർ ഉദ്ദേശിക്കുന്നതിന് അനുസരിച്ചാണ്.

ഒരു വീടിന്റെ മുകളിൽനിന്ന് താഴേക്ക് ഒരു വിഗ്രഹം തള്ളിയിടുന്നതുപോലെയല്ല ഒരാൾ സ്വയം ചാടുന്നത്. അയാൾക്ക് ചാടാനും ചാടാതിരിക്കാനും കഴിയും. ഹൃദയമിടിപ്പ് പോലെയല്ല നാം കൈ ഉയർത്തുന്നത്; ഉദ്ദേശ്യമനുസരിച്ചാണ്.

2) മനുഷ്യരടക്കമുള്ള സൃഷ്ടികളുടെ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നത് അവർതന്നെയാണ്. അല്ലാഹു അതിൽ ഇടപെടുന്നില്ല, അതുകൊണ്ടാണ് പ്രതിഫലവും ശിക്ഷയും ഉള്ളത്.

'മുഅ്തസില' എന്ന ബിദ്ഈകക്ഷിയുടെ വാദമാണിത്. അഹ്‌ലുസ്സുന്ന ഈ ആശയവും അംഗീകരിക്കുന്നില്ല. കാരണം ക്വുർആൻ പറയുന്നത് പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നത് അല്ലാഹുവാണ് എന്നാണ്. തളർന്ന് കിടക്കുന്നവൻ എഴുന്നേൽക്കാൻ ശ്രമിച്ചാൽ അതിന് കഴിയില്ല. അയാളുടെ മനസ്സ് അതിന് ആഗ്രഹിക്കുണ്ട്, പക്ഷേ, ഇച്ഛാനുസരണം എഴുന്നേൽക്കുന്നില്ല.

3) ക്വുർആനിന്റെയും പ്രവാചക വചനങ്ങളുടെയും അടിസ്ഥാനത്തിൽ അഹ്‌ലുസ്സുന്നയുടെ വിശ്വാസം സൃഷ്ടികളുടെ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നത് അല്ലാഹുവാണ്, എന്നാൽ അത് പ്രവർത്തിക്കാനും പ്രവർത്തിക്കാതിരിക്കാനുമുള്ള തിരഞ്ഞെടുപ്പിനുള്ള (ഇച്ഛാ)സ്വാതന്ത്ര്യം അല്ലാഹു അവന് നൽകിയിരിക്കുന്നു എന്നാണ്.

അതായത് ഒരു കാര്യം ചെയ്യാനോ ചെയ്യാതിരിക്കാനോ അവൻ ഇച്ഛിക്കുമ്പോൾ (ഏതെലുമൊന്ന്തിരഞ്ഞെടുക്കുമ്പോൾ) അല്ലാഹു അത് സൃഷ്ടിച്ച് നൽകുന്നു. അതുകൊണ്ടാണ് നന്മ ചെയ്യുന്നതിന് ഉത്തമമായ പ്രതിഫലവും തിന്മയ്ക്ക് ശിക്ഷയും ഉള്ളത്.

അല്ലാഹുവാണ് സൃഷ്ടികളുടെ പ്രവർത്തനങ്ങളും സൃഷ്ടിക്കുന്നത് എന്ന അഹ്‌ലുസ്സുന്നയുടെ വിശ്വാസംതന്നെയാണ് ആധുനിക ശാസ്ത്രത്തിന്റെ വീക്ഷണമെന്നു മനസ്സിലാക്കാം.

## ആധുനിക ശാസ്ത്രത്തിന്റെ വീക്ഷണം

മനുഷ്യരുടെ ശാരീരിക പ്രവർത്തനങ്ങളെ ജീവശാസ്ത്രം രണ്ടായി തിരിക്കുന്നു:

### 1. അനൈച്ഛിക പ്രവർത്തനങ്ങൾ (Involuntary actions)

ഹൃദയമിടിപ്പ്, കിഡ്നിയുടെ പ്രവർത്തനം എന്നിവ പോലെ മനുഷ്യന്റെ ഇച്ഛക്ക് ഒരു സ്വാധീനവും ഇല്ലാതെ നടക്കുന്ന പ്രവർത്തനങ്ങൾ. തലച്ചോറിൽനിന്ന് നാഡികൾ വഴി ആവേഗങ്ങൾ വന്നാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ മനുഷ്യന് ഒരു സ്വാധീനവും ഇല്ല. ഇവയ്ക്ക് ശിക്ഷയും പ്രതിഫലവും ഇല്ല. സ്വിച്ച് ഇട്ട ഫാനിലേക്ക് വയറിലൂടെ വൈദ്യുതി വന്ന് അത് കറങ്ങുന്നത് പോലെ, സ്റ്റാർട്ടാക്കിയ കാർ ഡ്രൈവർ ഓടിക്കുന്നത് പോലെ, ഇവിടെ ഫാനിന്റെയും കാറിന്റെയും ഇച്ഛക്കനുസരിച്ചല്ല ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

### 2. ഐച്ഛിക പ്രവർത്തനങ്ങൾ (Voluantary actions)

കൈകൊണ്ട് പ്രവർത്തിക്കുക, നടക്കുക, ഓടുക തുടങ്ങിയ മനുഷ്യന്റെ ഇച്ഛക്കനുസരിച്ച് ചെയ്യാനും ചെയ്യാതിരിക്കാനും സ്വാതന്ത്ര്യമുള്ള പ്രവർത്തനങ്ങൾക്കാണ് ഐച്ഛിക പ്രവർത്തനം എന്ന് പറയുന്നത്. പക്ഷേ, ഈ പ്രവർത്തനം സൃഷ്ടിക്കുന്നതിൽ മനുഷ്യന് ഒരു സ്വാധീനവും ഇല്ല. ചെയ്യാൻ ഇച്ഛിക്കുമ്പോൾ തലച്ചോറിൽനിന്ന് ആവേഗങ്ങൾ നാഡി വഴി മസിലുകളിലും എല്ലുകളിലും എത്തി അവയെ ചലിപ്പിക്കുന്നു. പല രാസമാറ്റങ്ങളും ഭൗതിക മാറ്റങ്ങളും ഉണ്ടാകുന്നു.

അപ്പോൾ ഹൃദയമിടിപ്പ് പോലെയുള്ള അനൈച്ഛിക ചലനവും നടക്കുക, ഓടുക പോലുള്ള ഐച്ഛിക ചലനവും നടക്കുന്നതിൽ മനുഷ്യന് ഒരു പങ്കുമില്ല, തലച്ചോറിൽ ആവേഗങ്ങളുണ്ടായി അത് മസിലുകളിലും എല്ലുകളിലും രാസ-ജൈവ മാറ്റമുണ്ടാക്കി നടക്കുന്നു. ഒന്ന് മനുഷ്യന്റെ ഇച്ഛക്ക് അനുസരിച്ചും മറ്റേത് അല്ലാതെയും നടക്കുന്നു.

മനുഷ്യന്റെ ഇച്ഛക്ക് അനുസരിച്ച് നടക്കുന്ന പ്രവർത്തനങ്ങളും അല്ലാതെ നടക്കുന്ന പ്രവർത്തനങ്ങളും സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. ഇച്ഛക്ക് അനുസരിച്ച് നടക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രതിഫലവും ശിക്ഷയും ഉണ്ട്. കാരണം അത് അവൻ ഇച്ഛിക്കുന്നു, തിരഞ്ഞെടുക്കുന്നു.

ഉദാ: ഒരാൾ ക്വുർആൻ പാരായണം ചെയ്യുന്നു. മറ്റൊരാൾ അശ്ലീല മാസിക വായിക്കുന്നു.

ഈ രണ്ട് പ്രവർത്തനവും സൃഷ്ടിക്കുന്നത് അല്ലാഹുവാണ്. ബുക്കുകളിലെ അക്ഷരങ്ങളിൽ തട്ടി പ്രകാശം കണ്ണിൽ പതിച്ച് രാസമാറ്റമുണ്ടായി, ശ്രവണനാഡി വഴി ആവേഗങ്ങൾ തലച്ചോറിൽ എത്തുമ്പോൾ അയാൾ കാണുന്നു, തലച്ചോറിൽനിന്ന് ആവേഗം വന്ന് രാസ-ജൈവ മാറ്റമുണ്ടാക്കി വായന സാധ്യമാക്കുന്നു. ഇവ രണ്ടിലും നടക്കുന്ന ഈ രാസ-ജൈവ മാറ്റങ്ങൾ ചെയ്യുന്നത് മനുഷ്യനല്ല, അവൻ വായന ഇച്ഛിക്കുന്നു, അന്നേരം ഈ പ്രതിഭാസങ്ങൾ അല്ലാഹു സൃഷ്ടിക്കുന്നു. മനുഷ്യൻ ഇച്ഛിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നതുകൊണ്ട് അവന് അത് പ്രതിഫലം ലഭിക്കുന്ന സമ്പാദ്യമായിത്തീരുന്നു. ഒരു ഫാൻ കറങ്ങുന്ന, കാർ ഓടുന്ന പ്രവർത്തനം അവതന്നെ സൃഷ്ടിക്കുകയാണെന്ന് ആരും പറയില്ലല്ലോ.

ഒരാൾ ഒരു വടി രണ്ടായി മുറിക്കുന്നു. അയാളുടെ കൈയിന്റെ പ്രവർത്തനം സൃഷ്ടിക്കുന്നത് മുകളിൽ പറഞ്ഞപോലെ അല്ലാഹുവാണ്. വിറകിലെ തൻമാത്രകളുടെ ആകർഷണബലം ഇല്ലാതാക്കി അവയെ വേർപെടുത്തുന്നതും അല്ലാഹുവാണ്.

ഒരു വാഹനം ഓടിക്കുമ്പോൾ നടക്കുന്ന ആകെ പ്രവർത്തനങ്ങൾ ചിന്തിച്ചാൽ, ഡ്രൈവറുടെ ആകെ സ്വാധീനം ഇച്ഛമാത്രം എന്ന് കാണാം, ബാക്കിയെല്ലാം സൃഷ്ടിക്കുന്നത് അല്ലാഹുവാണ്.


## മുഅ്ജിസത്തും കറാമത്തും

സാധാരണ പ്രവർത്തനങ്ങളായ കേൾവി, കാഴ്ച, നടത്തം പോലുള്ള കാര്യങ്ങൾ ചില കാരണങ്ങൾ വഴി അവയവങ്ങളിലൂടെയാണ് അല്ലാഹു സൃഷ്ടിക്കുന്നത്; കണ്ണ്, ചെവി, കൈകാലുകൾ, ആവേഗം, തലച്ചോറ്, ശബ്ദം, പ്രകാശം, മസിൽ പോലുള്ളവ മുഖേന.

ഈ കാരണങ്ങളില്ലാതെയും അല്ലാഹു ചില കാര്യങ്ങളെ സൃഷ്ടിക്കും. ഉദാ: പുരുഷബീജമില്ലാതെ മറ്‌യം ബീവി ഗർഭംധരിച്ചത്, ഈസാനബി(عليه السلام) മരുന്നില്ലാതെ രോഗം മാറ്റിയത് പോലുള്ളവ. ഇവ പ്രവാചകൻമാരിലൂടെ പ്രകടമാകുമ്പോൾ അതിന് മുഅ്ജിസത്തെന്നു പറയുന്നു. അല്ലാഹു ആദരിച്ച് അവൻ ഇഷ്ടപ്പെടുന്ന വിശ്വാസിയിലൂടെ, അവന്റെ ഇച്ഛാനുസരണമല്ലാതെ വെളിപ്പെടുത്തുന്ന അത്ഭുത സംഭവങ്ങളെ കറാമത്ത് എന്നും പറയുന്നു.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



മുഹമ്മദ് നബിﷺ 38

# ബദ്റിൽ പങ്കെടുത്തവരുടെ മഹത്ത്വം

ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവർക്ക് പറയുന്ന പേരാണ് ബദ്രിയ്യീൻ (ബദ്രീങ്ങൾ) എന്നത്. ബദ്ർ യുദ്ധത്തിൽ രക്തസാക്ഷികളായവർ മാത്രമാണ് ബദ്രീങ്ങൾ എന്ന് മനസ്സിലാക്കിയ ചിലരുണ്ട്. അത് ശരിയല്ല. ബദ്രീങ്ങൾക്ക് ഇസ്‌ലാമിൽ വലിയ സ്ഥാനം കൽപിക്കപ്പെട്ടിട്ടുണ്ട്. സ്വർഗത്തിൽ അത്യുന്നത പദവിയാണ് അവർക്ക് ഉണ്ടായിരിക്കുക. ബദ്ർ യുദ്ധത്തിൽ മകൻ ഹാരിഥ رضي الله عنه നഷ്ടപ്പെട്ട വേദനയിൽ അദ്ദേഹത്തിന്റെ മാതാവ് നബിﷺയെ സമീപിക്കുന്ന രംഗം ഇപ്രകാരം വായിക്കാം:

ഹുമയ്ദി﷛ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: അനസ്﷛ പറയുന്നതായി ഞാൻ കേട്ടു: "ഹാരിഥ ചെറിയ കുട്ടിയായിരിക്കെ ബദ്ർ ദിനത്തിൽ മരണപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ ഉമ്മ നബിﷺയുടെ അടുത്ത് വന്നു. എന്നിട്ട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഹാരിഥക്ക് ഞാനുമായുള്ള സ്ഥാനം അങ്ങേക്ക് അറിയാമല്ലോ. അവൻ സ്വർഗത്തിലാണെങ്കിൽ ഞാൻ ക്ഷമിക്കുകയും ഞാൻ പ്രതിഫലം ആഗ്രഹിക്കുകയും ചെയ്യാം. ഇനി മറ്റേതെങ്കിലുമാണെങ്കിൽ ഞാൻ എന്താണ് ചെയ്യുക?' അപ്പോൾ നബിﷺ പറഞ്ഞു: 'എന്തിനാണ് പേടിക്കുന്നത്? സ്വർഗം, അത് ഒന്നാണെന്നാണോ നിങ്ങൾ വിചാരിക്കുന്നത്. തീർച്ചയായും അത് ധാരാളം തോട്ടങ്ങളുള്ളതാണ്. തീർച്ചയായും അവൻ ഫിർദൗസിലെ തോപ്പിലാകുന്നു" (ബുഖാരി).

ബദ്റിൽ പങ്കെടുത്ത മഹാന്മാർക്ക് അല്ലാഹു സ്വർഗത്തിലെ ഉന്നത പദവിയാണ് തയ്യാർ ചെയ്തിട്ടുള്ളതെന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം. മാത്രവുമല്ല, ആ യുദ്ധശേഷം വല്ല അബദ്ധവും അവരിൽ വന്നിട്ടുണ്ടെങ്കിൽ പോലും അതെല്ലാം അല്ലാഹു അവർക്ക് മാപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മഹാനായ ഹാത്വിബ്﷛ ബദ്റിൽ പങ്കെടുത്ത സ്വഹാബിയാണ്. അദ്ദേഹത്തിന്റെ കുടുംബവും മറ്റുമൊക്കെ മക്കയിലായിരുന്നു. അദ്ദേഹത്തിന്റെ സമ്പത്തും അവിടെത്തന്നെ. അത് നഷ്ടപ്പെടാതിരിക്കാനായി ചാരപ്പണി പോലെ ഒരു പെണ്ണിന്റെ മുടിക്കെട്ടിൽ എഴുതി ഒളിപ്പിച്ച് മുസ്‌ലിംകളുടെ ഒരു രഹസ്യം മക്കയിലേക്ക് അറിയിച്ചു. ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ഒരു കാര്യമാണ് അദ്ദേഹം ചെയ്തത്. ഇത് പിടിക്കപ്പെടുകയും ചെയ്തു. നമ്മുടെ ഒരു രഹസ്യം ചോർത്തപ്പെട്ടിട്ടുണ്ടെന്നും അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരെന്നും സംസാരമായി. അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ഹാത്വിബ്﷛ ആണെന്ന വിവരം ലഭിച്ചപ്പോൾ സ്വഹാബിമാർ രോഷാകുലരായി. ഹാത്വിബ് നരകത്തിലാണ് എന്നുവരെ ചിലർ പറയാൻ തുടങ്ങി. അങ്ങനെ പറഞ്ഞ സ്വഹാബിയോട് നീ പറഞ്ഞത് കളവാണെന്ന് നബിﷺ പറയുകയും ചെയ്തു. കാരണം, അദ്ദേഹം ബദ്റിൽ പങ്കെടുത്തയാളാണ്.

"തീർച്ചയായും അദ്ദേഹം ബദ്റിൽ പങ്കെടുത്തവനാണ്. നിനക്ക് അറിയില്ലേ, അല്ലാഹു ബദ്രീങ്ങളിലേക്ക് എത്തിനോക്കുകയും എന്നിട്ട് (ഇപ്രകാരം) പറയുകയും ചയ്തിട്ടുണ്ട്: നിങ്ങളുടെ ഉദ്ദേശ പ്രകാരം നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു"(മുസ്‌ലിം).

ബദ്രീങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഒരു പടപ്പും ആരാധിക്കപ്പെട്ടുകൂടാ. എന്നാൽ ഇന്ന് പലരും വിഷമം വരുന്ന സമയത്ത് ബദ്രീങ്ങളെ വിളിക്കുന്നു. ബദ്റിൽ പങ്കെടുത്തവരുടെ പേരുകളുള്ള ചാർട്ട് തൂക്കി ബറകത്ത് പ്രതീക്ഷിക്കുന്നു. ഇതൊന്നും അവർ ജീവിച്ച മാർഗത്തോട് പൊരുത്തപ്പെടുന്നതല്ല.



അവർക്ക് മഹത്ത്വമുണ്ടെന്നതും പ്രത്യേകതയുണ്ടെന്നതും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട കാര്യം തന്നെയാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ(റഹി) ബദ്രീങ്ങളെ പറ്റി പറയുന്ന ഒരു കാര്യം ശ്രദ്ധേയമാണ്:

"ഈ സമുദായത്തിലെ ഏറ്റവും ശ്രേഷ്ഠവാന്മാർ ബദ്രീങ്ങളാണെന്ന് ക്വുർആനിന്റെയും സുന്നത്തിന്റെയും തെളിവിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ടിരിക്കുന്നു. പിന്നീട് ബയ്അതുർരിദ്വാനിൽ പങ്കെടുത്തവരും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠവാന്മാരാക്കപ്പെട്ട പത്ത് പേരും ശ്രേഷ്ഠന്മാരായ നാല് ഖലീഫമാരുമാകുന്നു ഈ സമുദായത്തിലെ ശ്രേഷ്ഠൻമാർ" (മജ്മൂഉൽ ഫതാവാ).

സ്വഹീഹുൽ ബുഖാരിയിൽ ബദ്റിൽ പങ്കെടുത്തുവരുടെ ശ്രേഷ്ഠത അറിയിക്കുന്ന ഒരു ഹദീഥ് ഇപ്രകാരം കാണാം: "ജിബ്‌രീൽ﷜ നബിﷺയുടെ അടുത്ത് വന്നു. എന്നിട്ട് ചോദിച്ചു: 'നിങ്ങളിലെ ബദ്രീങ്ങളെ നിങ്ങൾ എങ്ങനെയാണ് കണക്കാക്കുന്നത്?' നബിﷺ പറഞ്ഞു: 'മുസ്‌ലിംകളിലെ ശ്രേഷ്ഠവാന്മാരായിട്ടാണ്.' ജിബ്‌രീൽ പറഞ്ഞു: 'അപ്രകാരം തന്നെയാണ് മലക്കുകളിൽനിന്ന് ബദ്റിൽ പങ്കെടുത്തവരും' (ബുഖാരി).

ഈ നബിവചനത്തിൽനിന്ന് ബദ്റിൽ പങ്കെടുത്ത മനുഷ്യർക്ക് മാത്രമല്ല മലക്കുകൾക്കും വലിയ സ്ഥാനമുണ്ടെന്ന് മനസ്സിലാക്കാം. **(തുടരും)**

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം




# വിശ്വാസിയും തമാശയും

ഏതെങ്കിലും രൂപത്തിലുള്ള പരീക്ഷണത്തിലോ പ്രയാസങ്ങളിലോ അകപ്പെടാത്തവരായി ആരുമുണ്ടാവില്ല. അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു" (ക്വുർആൻ 90:4).

കുറച്ചുകാലം മാതാവിന്റെ ഗർഭാശയമാകുന്ന ഇടുങ്ങിയ ഒരു ഇരുട്ടറയിൽ മനുഷ്യൻ അസ്വതന്ത്രനായി കഴിച്ചുകൂട്ടുന്നു. അതിൽനിന്ന് പുറത്തുവരുന്നതും ക്ലേശമനുഭവിച്ചുകൊണ്ടുതന്നെ. അന്നുമുതൽ മരണംവരെ, ദേഹത്തിനും മനസ്സിനുമായി, സ്വന്തം കാര്യത്തിലും കുടുംബകാര്യത്തിലുമായി, സാമ്പത്തികവും

സാമൂഹികവുമായി... ഇങ്ങനെ പലവിധത്തിൽ എത്രയെത്ര വിഷമങ്ങൾ അവൻ അനുഭവിക്കണം, പ്രതിസന്ധികൾ തരണം ചെയ്യണം?!

മാനസിക സമ്മർദവും മനഃപ്രയാസങ്ങളും മനുഷ്യനെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ചിലർ മനഃപ്രയാസങ്ങൾ നേരിടാൻ കഴിയാതെ മാനസികരോഗ വിദഗ്ധരുടെയും കൗൺസിലർമാരുടെയും അടുക്കൽ നിത്യസന്ദർശകരായി മാറുന്നു. മറ്റുചിലർ മാനസിക പിരിമുറുക്കങ്ങൾക്ക് മരുന്നുകളിലൂടെ പരിഹാരം തേടുന്നു.

ചുരുക്കത്തിൽ മനുഷ്യജീവിതം ക്ലേശകരമാണ്. എന്നാൽ ജീവിതത്തിലെ വലിയ പ്രയാസങ്ങൾക്കിടയിലും ദുഃഖങ്ങൾക്കിടയിലും അൽപസമയമെങ്കിലും എല്ലാം മറന്ന് ഒന്ന് സന്തോഷിക്കാനും സമാധാനിക്കാനും തമാശകൾകൊണ്ട് സാധിക്കുന്നു എന്നത് യാഥാർഥ്യമാണ്. തമാശ പറയുകയും കേൾക്കുകയും ചെയ്യുമ്പോൾ സന്തോഷിക്കാത്തവരായി ആരുമുണ്ടാവില്ല മനുഷ്യരുടെ കൂട്ടത്തിൽ.

മനുഷ്യജീവിതത്തിന്റെ നിഖിലമേഖലകളിലും പാലിക്കുകയും അനുസരിക്കുകയും പിന്തുടരുകയും ചെയ്യേണ്ട മാർഗനിർദേശങ്ങൾ നൽകിയ ഇസ്‌ലാം തമാശയുടെ കാര്യത്തിലും മാർഗനിർദേശങ്ങൾ നൽകുന്നത് നമുക്ക് കാണാൻ സാധിക്കും.

ഇമാം സുഫ്‌യാൻ ഇബ്നു ഉയയ്നയോട് പറഞ്ഞു: 'തമാശ സുബ്ബത്ത് (ആക്ഷേപം) ആണ്.' അദ്ദേഹം പ്രതികരിച്ചു: 'അല്ല, തമാശ സുന്നത്താണ്; അത് നന്നായി അവതരിപ്പിക്കുന്നവർക്ക്. തമാശയിൽ സുന്നത്താക്കപ്പെട്ടവയും വിരോധിക്കപ്പെട്ടവയും ഉണ്ട്."

തമാശ പറയുമ്പോൾ പറയുന്ന കാര്യം സത്യമുള്ളതായിരിക്കണം. യാഥാർഥ്യമുള്ളതും കളവ് കലർന്നിട്ടില്ലാത്തും ആവണം തമാശയുടെ ഉള്ളടക്കം. മാത്രവുമല്ല അത് നന്നായി അവതരിപ്പിക്കുകയും വേണം.

നബിﷺയുടെ ജീവിതത്തിലും തമാശയുടെ ചില സന്ദർഭങ്ങൾ ഉണ്ടായതായി പ്രമാണങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

നബിﷺ അവിടുത്തെ ജീവിതത്തിൽ തമാശ കാണിച്ച സന്ദർഭങ്ങൾ

നുഗൈർ എന്തു ചെയ്യുന്നു?

അനസിൽ﵁നിന്ന് നിവേദനം, അദ്ദേഹം പറയുന്നു: "നബിﷺഞങ്ങളോട് ഇടകലർന്ന് സഹവസിച്ചിരുന്നു. എത്രത്തോളമെന്നാൽ എന്റെ കുഞ്ഞനിയനോട് ഇങ്ങനെ ചോദിച്ചിരുന്നു: 'അബൂ ഉമൈർ, നുഗൈർ എന്തുചെയ്യുന്നു?' (നുഗൈർ എന്നത് ഒരു കുഞ്ഞു പക്ഷിയുടെ പേരാണ്)" (ബുഖാരി).

മാനസിക സമ്മർദവും മനഃപ്രയാസങ്ങളും മനുഷ്യനെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ചിലർ മനഃപ്രയാസങ്ങൾ നേരിടാൻ കഴിയാതെ മാനസികരോഗ വിദഗ്ധരുടെയും കൗൺസിലർമാരുടെയും അടുക്കൽ നിത്യസന്ദർശകരായി മാറുന്നു. മറ്റുചിലർ മാനസിക പിരിമുറുക്കങ്ങൾക്ക് മരുന്നുകളിലൂടെ പരിഹാരം തേടുന്നു. മനുഷ്യജീവിതം ക്ലേശകരമാണ്. എന്നാൽ ജീവിതത്തിലെ വലിയ പ്രയാസങ്ങൾക്കിടയിലും ദുഃഖങ്ങൾക്കിടയിലും അൽപസമയമെങ്കിലും എല്ലാം മറന്ന് ഒന്ന് സന്തോഷിക്കാനും സമാധാനിക്കാനും തമാശകൾകൊണ്ട് സാധിക്കുന്നു എന്നത് യാഥാർഥ്യമാണ്. തമാശ പറയുകയും കേൾക്കുകയും ചെയ്യുമ്പോൾ സന്തോഷിക്കാത്തവരായി ആരുമുണ്ടാവില്ല മനുഷ്യരുടെ കൂട്ടത്തിൽ.

### ഇരുചെവിയൻ

അനസി﵁ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഒരിക്കൽ നബിﷺ തന്നെ ഇരുചെവിയൻ എന്ന് വിളിച്ചു." അബൂഉസാമ﵁ പറയുന്നു: "നബിﷺ അദ്ദേഹത്തോട് തമാശ പറയുകയായിരുന്നു അത്" (തിർമിദി)

### സ്വർഗത്തിൽ വൃദ്ധകൾ പ്രവേശിക്കുന്നതല്ല

ഹസനി﵁ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഒരു വൃദ്ധ നബിﷺയുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിന് വേണ്ടി പ്രാർഥിക്കണം.' നബിﷺ പറഞ്ഞു: 'ഹേ, ഇന്നയാളുടെ മാതാവേ, തീർച്ചയായും സ്വർഗത്തിൽ വൃദ്ധകൾ പ്രവേശിക്കുന്നതല്ല.' അപ്പോൾ അവർ തിരിഞ്ഞു പോകുകയും കരയുകയും ചെയ്തു. നബിﷺ പറഞ്ഞു: 'അവർ വൃദ്ധയായ അവസ്ഥയിൽ സ്വർഗത്തിൽ പ്രവേശിക്കുന്നതല്ലെന്ന് അവരെ അറിയിക്കുക.' (അവർ യുവതിയായിട്ടാണ്

സ്വർഗത്തിൽ പ്രവേശിക്കുന്നത്). അല്ലാഹു പറയുന്നു: 'തീർച്ചയായും അവരെ (സ്വർഗ സ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുകയാണ്. അങ്ങനെ അവരെ നാം കന്യകമാരാക്കിയിരിക്കുന്നു. സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു" (56:35-37) (സിൽസിലതുസ്സ്വഹീഹ്).

## നബിﷺയും സ്വഹാബികളും

നബിﷺയും സ്വഹാബികളും തമാശ പറഞ്ഞ് ചിരിക്കാറുണ്ടായിരുന്നു.

സിമാകിബ്നു ഹർബി‍ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ജാബിർ എന്നോട് ചോദിച്ചു: 'നിങ്ങൾ നബിﷺയുടെ സദസ്സിൽ ഇരിക്കുമായിരുന്നോ?' ഞാൻ പറഞ്ഞു: 'അതെ, ധാരാളമായി (ഇരിക്കുമായിരുന്നു). സ്വുബ്ഹി നമസ്കരിച്ച മുസ്വല്ലയിൽനിന്നും സൂര്യൻ ഉദിക്കുന്നതുവരെ നബിﷺ എഴുന്നേൽക്കുമായിരുന്നില്ല. അങ്ങനെ സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ അവിടുന്ന് എഴുന്നേൽക്കും. അവർ (സ്വഹാബിമാർ) പരസ്പരം സംസാരിക്കുകയും ജാഹിലിയ്യത്തിലെ കാര്യങ്ങൾ സംസാരിച്ച് ചിരിക്കുകയും ചെയ്യുമായിരുന്നു. അതുകേട്ട് നബിﷺ പുഞ്ചിരിക്കും" (മുസ്ലിം).

ഇന്ന് തമാശയുടെ രൂപവും ഭാവവും മാറി അപകടകരമായ അവസ്ഥയിലേക്കുവരെ എത്തിയിട്ടുണ്ട്. വിവാഹവേളകളിൽ വധുവിനെയും വരനെയും പരിഹസിച്ചുകൊണ്ടും അവരെ കുഴപ്പിക്കാൻ ചില അപകടകരമായ വേലത്തരങ്ങൾ ഒപ്പിച്ചുകൊണ്ടുമൊക്കെ തമാശയൊപ്പിക്കുന്നവരെ നമുക്ക് കാണാം. തമാശയുടെ പേരിൽ സമൂഹത്തിൽ പല തോന്നിവാസങ്ങളും നടക്കുന്നു.

വധൂവരന്മാർ അറിയാതെ അവരെ കളിപ്പിക്കാനും തമാശയാക്കാനും വേണ്ടി അവരുടെ ബെഡ്റൂം അലങ്കരിക്കുന്ന വേളയിൽ ഷോക്കടിപ്പിക്കാൻ ഒപ്പിച്ചുവെച്ച വേലത്തരം ആദ്യരാത്രിതന്നെ അവസാനരാത്രിയായി മാറിയതിന്റെയും കല്ല്യാണ വീട് ദുരന്തവീടായി മാറിയതിന്റെയും അനുഭവം ഇതിന് ഉദാഹരണമാണ്.

യൂട്യൂബ് ചാനലുകളുടെ വളർച്ചക്ക് വേണ്ടി എന്തും റെക്കോർഡ് ചെയ്ത് പ്രചരിപ്പിക്കാൻ യാതൊരു ലജ്ജയും ഇല്ലാത്തവരുണ്ട്. ധാർമികത ലവലേശം തൊട്ടുതീണ്ടിയിട്ടില്ലാത്ത പാട്ടും നൃത്തച്ചുവടുകളും ആൺ-പെൺ വ്യത്യാസമില്ലാതെ പോസ്റ്റുചെയ്തുകൊണ്ടിരിക്കുന്നു. കൂടുതൽ റീച്ച് കിട്ടുന്നതിനുവേണ്ടിയും ഷെയർ ലഭിക്കുവാനും അങ്ങനെ ലക്ഷക്കണക്കിന് വരിക്കാരെയും കാണികളെയും ഒപ്പിച്ച് അതിലൂടെ വരുമാനം കണ്ടെത്തുന്നതിനുമായി അശ്ലീല സംസാരങ്ങളും നഗ്നതാ പ്രദർശനവും വരെ കാണിക്കുന്നവരുണ്ട്. ഇതൊക്കെ വെറും തമാശയല്ലേ എന്നായിരിക്കും അവരുടെ ന്യായീകരണം.

അതുപോലെ തന്നെയാണ് ഇന്ന് ട്രോളുകളും ട്രോളന്മാരും. മറ്റുള്ളവരുടെ, വിശിഷ്യാ സമൂഹത്തിൽ അറിയപ്പെടുന്നവരുടെ വാക്കിലും പ്രവൃത്തിയിലും വരുന്ന പിഴവുകളെയും ജന്മനായുള്ള വൈകല്യങ്ങളെയും അനുകരിച്ചും പർവതീകരിച്ചും അപഹസിക്കുന്നതും തേജോവധം ചെയ്യുന്നതും ഇവരുടെ തൊഴിലാണ്. ചിലരെ ചിരിപ്പിക്കുവാനായി മറ്റു ചിലരെ വിഷമിപ്പിക്കുകയാണ് ഇവർ പലപ്പോഴും ചെയ്യുന്നത്.



ഇതിലേറെ അപകടകരമാണ് ദീനീ രംഗത്ത് നേതൃത്വം നൽകുകയും ഖുത്വുബയും പ്രഭാഷണങ്ങളും ക്വുർആൻ ക്ലാസ്സുകളും നിർവഹിക്കുകയും ചെയ്യുന്നവർ ആളുകളെ ചിരിപ്പിക്കാൻ വേണ്ടി പറയുന്ന തമാശകൾ. തന്റെ മുമ്പിലിരിക്കുന്ന സദസ്യരെ ചിരിപ്പിക്കുന്നതിന് വേണ്ടി ഇസ്‌ലാം നിഷ്‌കർഷിച്ച മര്യാദകൾ പാലിക്കാതെയുള്ള തമാശ പറച്ചിൽ ഒരു പ്രഭാഷകനും ഗുണം ചെയ്യില്ലെന്നു മാത്രമല്ല അറിവും വിവേകമുള്ളവരുടെ കണ്ണിൽ അയാൾ അപഹാസ്യനാത്തീരും.

ജാബിറി﷜ൽനിന്ന് നിവേദനം: "നബിﷺ ഖുത്വുബ പറയുമ്പോൾ കണ്ണുകൾ ചുവന്ന് വരുമായിരുന്നു. ശബ്ദം ഉയരുമായിരുന്നു. ഗൗരവം കൂടുമായിരുന്നു. ഒരു സൈന്യത്തിന് താക്കീത് നൽകുന്നവനെപോലെ(കമാന്ററെപോലെ)യായിരുന്നു. എന്നിട്ട് നബിﷺ പറയുമായിരുന്നു: നിങ്ങൾ പ്രഭാതത്തിലും ശത്രുവിനെ പ്രതീക്ഷിക്കുക, വൈകുന്നേരവും ശത്രുവിനെ പ്രതീക്ഷിക്കുക." പ്രവാചകൻ പറയുമായിരുന്നു: "ഞാനും അന്ത്യദിനവും ഇതുപോലെയാണുള്ളത് (അന്ത്യദിനം സംഭവിക്കാനായിരിക്കുന്നു)" (മുസ്‌ലിം).

> യൂട്യൂബ് ചാനലുകളുടെ വളർച്ചക്ക് വേണ്ടി എന്തും റെക്കോർഡ് ചെയ്ത് പ്രചരിപ്പിക്കാൻ യാതൊരു ലജ്ജയും ഇല്ലാത്തവരുണ്ട്. ധാർമികത ലവലേശം തൊട്ടുതീണ്ടിയിട്ടില്ലാത്ത പാട്ടും നൃത്തച്ചുവടുകളും ആൺ-പെൺ വ്യത്യാസമില്ലാതെ പോസ്റ്റുചെയ്തുകൊണ്ടിരിക്കുന്നു. കൂടുതൽ റീച്ച് കിട്ടുന്നതിനുവേണ്ടിയും ഷെയർ ലഭിക്കുവാനും അങ്ങനെ ലക്ഷക്കണക്കിന് വരിക്കാരെയും കാണികളെയും ഒപ്പിച്ച് അതിലൂടെ വരുമാനം കണ്ടെത്തുന്നതിനുമായി അശ്ലീല സംസാരങ്ങളും നഗ്നതാ പ്രദർശനവും വരെ കാണിക്കുന്നവരുണ്ട്. ഇതൊക്കെ വെറും തമാശയല്ലേ എന്നായിരിക്കും അവരുടെ ന്യായീകരണം. തന്റെ മുമ്പിലിരിക്കുന്ന സദസ്യരെ ചിരിപ്പിക്കുന്നതിന് വേണ്ടി ഇസ്‌ലാം നിഷ്‌കർഷിച്ച മര്യാദകൾ പാലിക്കാതെയുള്ള തമാശ പറച്ചിൽ ഒരു പ്രഭാഷകനും ഗുണം ചെയ്യില്ലെന്നു മാത്രമല്ല അറിവും വിവേകമുള്ളവരുടെ കണ്ണിൽ അയാൾ അപഹാസ്യനാത്തീരും.

### തമാശ പറയുമ്പോൾ വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്:

1. തമാശ പറയുന്ന സന്ദർഭവും ആളുകളെയും പരിഗണിക്കുക:

തമാശ പറയുന്ന അവസരത്തിൽ അത് ആരോടാണ് പറയുന്നതെന്നും, പറയുന്ന സന്ദർഭവും സാഹചര്യവും അനുയോജ്യമാണോയെന്നുമുള്ള ധാരണ ഉണ്ടായിരിക്കണം. അനവസരത്തിലെ തമാശകൾ അപകടത്തിലായിരിക്കും കലാശിക്കുക. മരിച്ചവീട്ടിലെ തമാശ സാഹചര്യത്തിനെതിരെയുള്ള അക്രമമാണല്ലോ.

2. ഓരോരുത്തരും അവർക്ക് യോജിച്ച ആളോടായിരിക്കണം തമാശ പറയേണ്ടത്:

കൂട്ടുകാരോട് പറയുന്ന തമാശകൾ മാതാപിതാക്കളോടും ഭാര്യയോട് പറയുന്ന തമാശകൾ മക്കളോടും സഹപ്രവർത്തകരോട് പറയുന്ന തമാശകൾ മേലുദ്യോഗസ്ഥരോടും പറഞ്ഞാൽ എന്തായിരിക്കും അവസ്ഥ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

3. ഒരു സാധാരണക്കാരൻ ബഹുമാനിക്കപ്പെടേണ്ടവരായ പണ്ഡിതന്മാരുടെയും പ്രായമുള്ളവരുടെയും അടുത്തായിരിക്കെ തമാശ പറയുന്നത് അനുയോജ്യമല്ല:

ഇബ്നു അബ്ബാസ്﷜ പറഞ്ഞു: "പണ്ഡിതനെ ആദരിക്കുകയെന്നത് സുന്നത്തിൽ പെട്ടതാണ്."

അബൂമൂസൽഅശ്അരി﷜യിൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "അല്ലാഹുവിനെ ആദരിക്കുന്നതിൽ പെട്ടതാണ് മുസ്‌ലിമായ പ്രായമുള്ളവരെ ആദരിക്കുന്നത്" (അബൂദാവൂദ്).

4. തമാശയിൽ കളവ് പാടില്ല:

കള്ളം കെട്ടിച്ചമക്കുക എന്നുള്ളത് സത്യനിഷേധികളുടെ സ്വഭാവമായിട്ടാണ് വിശുദ്ധ ക്വുർആൻ പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമയ്ക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ" (16:105).

കളവുപറയലിനെ കപടവിശ്വാസികളുടെ അടയാളമായിക്കൊണ്ടാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളതും. അബൂഹുറയ്റ﷜യിൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "കപട വിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു. സംസാരിച്ചാൽ

കളവുപറയും, വാഗ്ദത്തം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ ചതിക്കും" (ബുഖാരി).

5. തമാശക്ക് പോലും കളവ് പറയരുത്:

തമാശയായി അൽപമൊക്കെ കളവ് പറയാമെന്നാണ് പലരും ധരിച്ചുവെച്ചിട്ടുള്ളത്. തമാശയിൽ പോലും കളവ് പറയാൻ പാടില്ലെന്നാണ് ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ളത്.

നബിﷺ പറഞ്ഞു: "സംസാരിക്കുമ്പോൾ ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി കളവുപറയുന്നവന് നാശം. അവനാകുന്നു നാശം. അവനാകുന്നു നാശം" (അബൂദാവൂദ്).

6. ആളുകളെ ചിരിപ്പിക്കാൻ വേണ്ടി കളവ് പറഞ്ഞാൽ:

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "ഒരാൾ തന്റെ സദസ്യരെ ചിരിപ്പിക്കുന്നതിനായി (കളവായ) ചില വാക്കുകൾ പറയുന്നുവെങ്കിൽ അവൻ ഭൂമിയിൽനിന്നും വിദൂരത്തേക്ക് ആണ്ടുപോകുന്നു" (അഹ്മദ്).

നബിﷺ അവിടുത്തെ ജീവിതത്തിൽ തമാശ കാണിച്ച ചില സന്ദർഭങ്ങൾ പരിശോധിച്ചാൽ അവിടെയെങ്ങും കളവിന്റെ യാതൊരു അംശവും കാണാൻ കഴിയില്ല.

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം, സ്വഹാബികൾ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഞങ്ങളോട് തമാശ പറയുന്നുവല്ലോ?" നബിﷺ പറഞ്ഞു: "അതെ, പക്ഷേ, ഞാൻ സത്യമായതല്ലാതെ പറയില്ല"(തിർമിദി).

ഇബ്നു ഉമറി﵁ൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: ''തീർച്ചയായും ഞാൻ തമാശ പറയാറുണ്ട്. പക്ഷേ, സത്യമല്ലാതെ ഞാൻ പറയാറില്ല" (ത്വബ്‌റാനി).

7. തമാശയിൽ ഭയപ്പെടുത്തൽ പാടില്ല:

ആളുകളെ തമാശയാക്കുന്നതിന് വേണ്ടി അവരുടെ ചെരുപ്പ്, കുട, ബാഗ്, വാഹനത്തിന്റെ താക്കോൽ തുടങ്ങിയുള്ള വസ്തുക്കൾ ഒളിപ്പിച്ച് വെക്കുന്ന ചിലരുണ്ട്. എന്നാൽ അതിന്റെ അപകടം എത്രമാത്രമാണെന്ന് അവർ ചിന്തിക്കാറില്ല. തമാശക്ക് വേണ്ടി മറ്റുള്ളവരുടെ എന്തെങ്കിലും സാധനങ്ങൾ ഒളിപ്പിച്ച് വെക്കുന്നത് നബിﷺ വിരോധിച്ചിട്ടുണ്ട്.

അബ്ദുർറഹ്മാനുബ്നു അബൂലൈല﵁യിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഒരിക്കൽ നബിﷺയും സ്വഹാബികളും ഒരു യാത്ര പോകുകയായിരുന്നു. യാത്രാമധ്യെ അവർ ഒരിടത്ത് വിശ്രമിക്കാനിറങ്ങി. അന്നേരം ഒരു സ്വഹാബി ഉറങ്ങിയപ്പോൾ മറ്റൊരാൾ അദ്ദേഹത്തിന്റെ ഒരു കയർ (ചാട്ട) എടുത്ത് ഒളിപ്പിച്ച് വെച്ചു. ഉണർന്നപ്പോൾ അത് കാണാതെ അയാൾ ഭയാശങ്കയിലായി. അപ്പോൾ നബിﷺ പറഞ്ഞു: ഒരു മുസ്‌ലിമും മറ്റൊരു മുസ്‌ലിമിനെ ഭയപ്പെടുത്താൻ പാടില്ല" (അബൂദാവൂദ്).

8. തമാശക്ക് ആയുധം ചൂണ്ടരുത്:

കയ്യിലുള്ള വടി, കത്തി, അപകടം വരുത്തുന്നതോ ശരീരത്തിൽ തട്ടിയാൽ വേദനിക്കുന്നതോ ആയിട്ടുള്ള മറ്റു വസ്തുക്കൾ എന്നിവ ചൂണ്ടി പലരും തമാശ കാണിക്കാറുണ്ട്. അപ്രതീക്ഷിതമായി ആ ആയുധം കൊണ്ട് അപകടമുണ്ടായേക്കാം. തമാശക്കുപോലും ആയുധം ചൂണ്ടുന്നത് നബിﷺ വിരോധിച്ചിട്ടുണ്ട്.



അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു:"നിങ്ങളിൽ ആരും തന്നെ തന്റെ സഹോദരന്റെ നേരെ ആയുധം ചൂണ്ടരുത്. നിശ്ചയമായും അവൻ അറിയാതെ പിശാച് അത് തെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ അവൻ നരകക്കുഴിയിൽ ആപതിക്കും" (ബുഖാരി).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു: "ആരെങ്കിലും ഇരുമ്പ് (ആയുധം) തന്റെ സഹോദരനുനേരെ ചൂണ്ടിക്കാണിച്ചാൽ അവനത് ഉപേക്ഷിക്കുംവരെ മലക്കുകൾ അവനെ ശപിക്കും; അവൻ സ്വന്തം സഹോദരനാണെങ്കിലും"(മുസ്‌ലിം).

9. തമാശയിൽ പരിഹാസം പാടില്ല.

തമാശ പറയുമ്പോൾ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് അന്യന്റെ അഭിമാനത്തെ പിച്ചിച്ചീന്തലാണ്. മറ്റുള്ളവർക്കിടയിൽ ഒരുത്തനെ ഇകഴ്ത്തുകയും വഷളാക്കുകയും ചെയ്യൽ ഒരു വിശ്വാസിക്ക് പാടില്ലാത്തതാണ്. അത്തരം പ്രവണതയുള്ളവരിൽ അതിന് പ്രേരിപ്പിക്കുന്ന ചില കാര്യങ്ങൾ കൂടിയുണ്ട്. ഒന്നുകിൽ അവൻ പരിഹസിക്കുന്ന വ്യക്തി അവനെക്കാൾ മികച്ചവനാവുക. അതല്ലെങ്കിൽ അവനെക്കാൾ കഴിവുള്ളവനാവുക. അതുകൊണ്ടുതന്നെ അപരനെ മാനസികമായി വേദനിപ്പിക്കലും തന്റെ അസൂയയും ദേഷ്യവും തീർക്കലും അപരനെ തമാശയിലൂടെ ജനങ്ങൾക്കിടയിൽ വഷളാക്കുകയോ ഇകഴ്ത്തുകയോ ചെയ്യുമ്പോൾ നടക്കുന്നു.

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറഞ്ഞു: "ഞാൻ നബി(ﷺ)യോട് പറഞ്ഞു: 'താങ്കൾക്ക് ഇന്നയിന്നവളായ (അതായത് കുറിയവളായ) സ്വഫിയ്യ(റ) മതി.' നബി(ﷺ) പറഞ്ഞു: 'ആഇശാ, നീ പറഞ്ഞ വാക്ക് കടലിൽ കലക്കിയാൽ അതിന്റെ നിറവും വാസനയും മാറുമായിരുന്നു" (അബൂദാവൂദ്).

തമാശ പറയൽ തെറ്റല്ല. എന്നാൽ തമാശക്കാരനായി ജീവിക്കൽ അഥവാ എല്ലായ്പ്പോഴും തമാശ പറഞ്ഞു നടക്കൽ പാടില്ലാത്തതാണ്.

അല്ലാഹു പറയുന്നു: "അതിനാൽ അവർ അൽപം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്തുകൊള്ളട്ടെ..." (ക്വുർആൻ 8:82).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു: "നിങ്ങൾ ചിരി അധികരിപ്പിക്കരുത്, തീർച്ചയായും ചിരിയുടെ ആധിക്യം ഹൃദയത്തെ നിർജീവമാക്കും" (ഇബ്നുമാജ).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, നബി(ﷺ) പറഞ്ഞു: "ഞാൻ അറിഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ വളരെ കുറച്ചു മാത്രം ചിരിക്കുകയും ധാരാളമായി കരയുകയും ചെയ്യുമായിരുന്നു"(ബുഖാരി).

ഉമർ ഇബ്നുഅബ്ദുൽ അസീസ്(റഹി) പറഞ്ഞു: "നിങ്ങൾ തമാശയെ സൂക്ഷിക്കുക. അത് വ്യക്തിത്വത്തെ നശിപ്പിക്കും."

ഉമർ(റ) പറഞ്ഞു: "ആര് ചിരി അധികരിപ്പിക്കുന്നുവോ അവന്റെ ഗാംഭീര്യം നഷ്ടപ്പെടും. ആര് തമാശ അധികരിപ്പിക്കുന്നുവോ അവൻ നിസ്സാരനാക്കപ്പെടും. ഒരാൾ ഏത് കാര്യമാണോ വർധിപ്പിക്കുന്നത് അവൻ ആ കാര്യത്തിലായിരിക്കും അറിയപ്പെടുന്നത്."

കേട്ടിരിക്കുന്നവരെ ചിരിപ്പിക്കുവാനായി നാവ് ചലിപ്പിക്കുമ്പോൾ നാവ് തനിക്കെതിരിൽ സംസാരിക്കുന്ന ലോകത്ത് അക്കാരണത്താൽ ദുഃഖിക്കേണ്ടിവരുമോ എന്ന ഭയം വിശ്വാസിയിൽ ഉണ്ടായിരിക്കണം.

**തമാശ പറയുമ്പോൾ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് അന്യന്റെ അഭിമാനത്തെ പിച്ചിച്ചീന്തലാണ്. മറ്റുള്ളവർക്കിടയിൽ ഒരുത്തനെ ഇകഴ്ത്തുകയും വഷളാക്കുകയും ചെയ്യൽ ഒരു വിശ്വാസിക്ക് പാടില്ലാത്തതാണ്. അത്തരം പ്രവണതയുള്ളവരിൽ അതിന് പ്രേരിപ്പിക്കുന്ന ചില കാര്യങ്ങൾകൂടിയുണ്ട്. ഒന്നുകിൽ അവൻ പരിഹസിക്കുന്ന വ്യക്തി അവനെക്കാൾ മികച്ചവനാവുക. അതല്ലെങ്കിൽ അവനെക്കാൾ കഴിവുള്ളവനാവുക. അതുകൊണ്ടുതന്നെ അപരനെ മാനസികമായി വേദനിപ്പിക്കലും തന്റെ അസൂയയും ദേഷ്യവും തീർക്കലും അപരനെ തമാശയിലൂടെ ജനങ്ങൾക്കിടയിൽ വഷളാക്കുകയോ ഇകഴ്ത്തുകയോ ചെയ്യുമ്പോൾ നടക്കുന്നു. തമാശ പറയൽ തെറ്റല്ല. എന്നാൽ തമാശക്കാരനായി ജീവിക്കൽ അഥവാ എല്ലായ്പ്പോഴും തമാശ പറഞ്ഞു നടക്കൽ പാടില്ലാത്തതാണ്.**

ബാലപഥം

അബൂവാഫി
mail@nerpatham.com



# ബാപ്പ

വീടിൻ വെളിച്ചവും താങ്ങും തണലുമായ്
സന്തോഷമേകിടും പൊന്നു ബാപ്പ.
വീഴ്ചകൾ മക്കളെ വീഴ്ത്താതിരിക്കുവാൻ
ആജ്ഞകൾ നൽകും കെടാവിളക്ക്.
പിണങ്ങിയാൽ പെട്ടെന്നിണക്കിടും പിന്നെ
പലപല കഥകൾ പറഞ്ഞുറക്കും.
സ്വായത്തമാക്കേണ്ട സദ്ഗുണമെല്ലാം
പഠിപ്പിച്ചു നൽകുന്നു പൊന്നു ബാപ്പ.
സൂര്യൻ ഉദിക്കുന്ന വേളയിൽതന്നെ
ജോലിക്കു പതിവായി പോയിടുന്നു.
വീടിൻ വെളിച്ചമാണെന്നുമെൻ ബാപ്പ
വീടിന്റെ സന്തോഷമാണു ബാപ്പ.
ബുദ്ധിമുട്ടെല്ലാം സഹിക്കുന്നു ബാപ്പ
സ്വന്തം കുടുംബത്തിനായി എന്നും.
വിഷമങ്ങളെല്ലാം സഹിക്കുവാനായി
ഉപദേശം നൽകിടാറുണ്ട് ബാപ്പ.
ദീനിന്റെ മാർഗത്തിലെന്നും ചരിക്കാൻ
കർശന നിർദേശം നൽകിടുന്നു.

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# മതം, മനുഷ്യൻ, സാഹോദര്യം

**സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി**

**വില: ₹ 40**




ഇസ്‌ലാമിനെ യഥാർഥ ഉറവിടങ്ങളിൽ നിന്ന് പഠിക്കുമ്പോഴാണ് അതിന്റെ തനിമ നമുക്ക് വ്യക്തമാവുക. പ്രമാണങ്ങളെ തെറ്റായി വായിക്കുന്നത് സമൂഹത്തിൽ നിരവധി കുഴപ്പങ്ങൾക്ക് ഹേതുവാണ്. തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് പ്രമാണങ്ങളെ വക്രീകരിച്ച് അവതരിപ്പിക്കുന്നവർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അവർ സമൂഹത്തിനേൽപ്പിക്കുന്ന പരുക്ക് സാരമുള്ളതാണ്. മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തെ മതം വിലക്കുന്നുണ്ടോ? ഇതര മത വിശ്വാസികളുമായുള്ള വിശ്വാസികളുടെ ഇടപെടൽ എങ്ങനെ? ഇസ്‌ലാം വിലക്കിയ സാഹോദര്യം ഏതാണ്? തുടങ്ങിയ വിഷയങ്ങളിലെ വൈജ്ഞാനിക പഠനമാണ് ഈ ഗ്രന്ഥം. ഈ വിഷയത്തിൽ തൽപരകക്ഷികൾ ഉയർത്തിവിടുന്ന ചില സന്ദേഹങ്ങൾക്ക് ഗ്രന്ഥകാരൻ മറുപടി നൽകിയിട്ടുണ്ട്.

ഓരോ വിഷയത്തിലെയും സലഫീ കാഴ്ചപ്പാടുകൾ എന്തുമാത്രം കാലികമാണ് എന്നതിന്റെ തെളിവുകൂടിയാണ് സിറാജുൽ ഇസ്‌ലാമിന്റെ ഈ കനപ്പെട്ട രചന. ചോദ്യോത്തര രൂപത്തിലുള്ള അവതരണം, വിഷയ ഗ്രാഹ്യത വർധിപ്പിക്കുന്നു.

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 SEPTEMBER 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm